ഹർമ്മ്യേഷ്വന്തർഗ്ഗതം രഹസി മനസ്സാ യാതപാത്ര്യദ്വിയയം യാം ||
അസ്ത്രാ താം താം മമ യഥാ വിധിസ്ഥാപദൃശ്യൈർവ്വിലാസൈർ വിദ്യോതതേ
വിഭ്രാന്താ തച്ചിത്തം കരോതി സൌഭാഗ്യം വിശേഷാത് || ൬൯ ||

നിന്നെച്ചാരത്തിരുന്നാട്ടുലസമയി നട-
ന്നിട്ട സല്ലാപമാർന്നി-
ട്ടെന്നല്ലാം പൂണ്ടിരിക്കെക്കൊണ്ടഥ രഹസി രസാ-
നന്ദമാണ്ടിപ്രകാരം

എന്നാൾക്കണ്ണാലെ കാണാംനില വെളിവിലെഴും–
കണ്ണിനാൽക്കണ്ടിടാതെ–
ട്ടിന്നീവേർപാടിൽ വേർപാടുകളിവനഴൽവാ–
ച്ചായിരം പെട്ടിടുന്നു [സ്രഗ്.]

ശ്ലോ. അർ. നിന്നെ......നില നിന്നെ സമീപത്തു് ഇരിക്കുന്നവളായും മറഞ്ഞായി നടക്കുന്നവളായും സംഭാഷണം ചെയ്യുന്നവളായും വിജനത്തിൽ സ്ഥിതിചെയ്തു ശൃംഗാരചാപല്യം കാണിക്കുന്നവളായും, ഇപ്രകാരമെല്ലാം എന്റെ മനസ്സുകൊണ്ടു ഞാൻ നിലകളെ ചിലപ്പോൾ നീ നടത്തിയിരുന്നതായി വിചാരിക്കും; ചിലപ്പോൾ നടക്കുന്നവളായി, ചിലപ്പോൾ സംഭാഷണം ചെയ്യുന്നവളായി, ചിലപ്പോൾ ശൃംഗാരചാപല്യം കാണിക്കുന്നവളായി. ഇങ്ങനെ ഞാൻ ഉള്ളുകൊണ്ടു കാണുന്നു, വിചാരിക്കുന്നതല്ലാം. വെളിവി......ടാ തെയിട്ടു നിന്റെ ശരീരം സ്ഥൂലേന്ദ്രിയഗോചരമാകാതിരിക്കുന്നതിനാൽ അവ അനുഭവിപ്പാനാകാത്തതിനാൽ ഇന്നീ വേർപാടിൽ' ഇന്നു ഇപ്രകാരം ഉണ്ടായ വിരഹത്തിൽ വേർപാടു.....പെട്ടിടുന്നു ഇവനു അഴൽ വാച്ചു് ആയിരം വേർപാടുകൾ പെട്ടിടുന്നു എന്നു അഭിപ്രായം. ഇതു എനിക്കു സങ്കടം വർദ്ധിപ്പിക്കുന്നു. ആയിരം, അസംഖ്യം, വേർപാടുകൾ അനുഭവിക്കുന്നു. നീ വേർപെട്ടപ്പോൾ നീ ചെയ്യുന്ന മനോഹരങ്ങളായ അസംഖ്യം ചേഷ്ടകളെ വേർപെട്ടു നിന്നെപ്പോലെ അവയേയും എനിക്കു കാണുവാൻ നിവൃത്തിയില്ലാതെയായി. അതുകൊണ്ടു അധികം ദുഃഖം ഉണ്ടു്. എന്തു ചെയ്യാം. വിരഹികളുടെ യഥാർത്ഥസ്ഥിതിയെയാണു ഇവിടെ മഹാകവി പ്രതിപാദിച്ചിരിക്കുന്നതു്. ശ്ലോകത്തിന്റെ ചതുർത്ഥപാദം അധികം ഹൃദയംഗമമായിരിക്കുന്നു. കാളിദാസനും അനുസന്ധാനമായ പദ്യം!

സാപ്പേപി ത്വം കഥമപി സമാ യത്സുനിദ്രാഗതായാ–
മസ്യാൽപീഡാമയി മണിതിലം ലേഖനീയാ ന ശ്രിയാഃ ॥
സൂത്രം തദപാദ്യ ച മനസ്സജതാത്രാത് പതിഷ്യൻ–
മധ്യേ ഹാലം ഹന്തി ഹലയത്യേവ ദാരം ഹി ദൈവം ॥ ൫൦ ॥

നിന്നെസ്സ്വപ്നത്തിലും കാണ്മതു വിഷമമുറ-
ക്കം വരാഞ്ഞിട്ടു [illegible]
പിന്നെക്കണ്ണീരുമൂലം ശിലയിലെഴുതിനോ-
ക്കീടുവാനും പ്രയാസം,
എന്നല്ലുൾത്താപമുള്ളിൽ [illegible] പണി നിരവധി-
പ്രാണമോരോന്നിലേക്കാ-
യന്നപോലൊന്നു [illegible]ന്നിതു നിട്ടിലതലം
കഷ്ടമേ ദുഷ്ടദൈവം ॥൬൦॥

[illegible] ൬൦. [illegible] പ്രതികൃതി സ്വപ്നം എന്നിവ [illegible]. പ്രിയ[illegible] വസ്തുക്കളെ [illegible] എന്നി [illegible].

[illegible]
[illegible]
[illegible]
[illegible]

എന്ന [illegible] "[illegible]" ഇത്യാദി ([illegible]) [illegible] "[illegible]" ([illegible]) [illegible] ഉപായങ്ങ ളാകുന്നു. [illegible] വിരഹ വ്യഥ[illegible].

നിന്നെ..... [illegible] ഉറക്കം വരാഞ്ഞിട്ട സ്വപ്നത്തിലും കാൺമതു [illegible] എന്ന [illegible]. കഷ്ടം! എനിക്ക നിന്നെ ഉറക്കം വരായ്കയാൽ [illegible] [illegible]. [illegible] ആസൗഖ്യം. [illegible] എന്നാൽ സ്വപ്നത്തിലും [illegible] എന്ന [illegible]. സ്വപ്നം [illegible] കാണുന്നതു്. "സ്വപ്നം [illegible]" എന്ന [illegible] പിന്നെ...... പ്രയാസം [illegible] കണ്ണീരു മൂലം

പ്രയാസം എന്നു അഭിപ്രായം. എന്നാൽ ചിത്രം എഴുതിക്കണ്ടു വിനോദിക്കാമെന്നു വിചാരിച്ചാൽ അതും സാധിക്കുന്നില്ല. നിന്നെ വിചാരിക്കുമ്പോഴേക്കുതന്നെ കണ്ണിൽ വെള്ളം വന്നു നിറയുന്നു. നല്ലു കാഴ്ചയില്ലാതെയാകുന്നു എന്നു ഭാവം.

> അസ്യാമച്ചിന്തനഭരഗളദ്ര്യ—
> മന്ദീഭൂതേന ചക്ഷുഷാ

എന്നു ഉദാഹരണം. (വ്യാ. കാ.)

എന്നല്ല......പ്പാനും എന്നല്ല കാണ്മാനും ഉള്ള ഉള്ളിലെ നിരൂപിപ്പാനും പണി എന്നു അഭിപ്രായം. ഏറ്റവുമല്ല സങ്കടത്തോടു കൂടിയ മനസ്സിനെ തിരിച്ചുനിർത്തി വിചാരിപ്പാനും പ്രയാസമായി. ഉറക്കമില്ലായ്കയാൽ സ്വപ്നം, ചിത്രത്തിൽ ദർശനം (ചുമരിൽ എഴുതുന്നതും കാണുന്നതും) ചിത്രദർശനം, സങ്കല്പരൂപമായ വിചാരം എന്നിവ എനിക്കു തീരെ സാധിക്കാതെയായിത്തീർന്നു എന്നു ഭാവം. നിരൂപിപ്പാനും വിചാരിക്കുന്നതിനും, സ്മരിക്കുന്നതിനും. സ്മരണവും വിരഹികളുടെ വിനോദോപായങ്ങളിൽ ഒന്നാകുന്നു.

> വസ്തുതത്ത്വങ്ങളെന്നും ദുഃഖ്യത്രയാണ് ഭർത്താവ്
> സ്മരണാൽ തീർന്നൊരുപാധി സമ്പന്നാ ധീർഘമതേ ഭവാൻ.

എന്നു സ്വാപകം. രാത്രൗന്നി......ദൈവം രാത്രൗന്നിദ്രെയുള്ള്യ് ഉണ്ടാവാൻ ഉള്ളവളെയും തിരിഞ്ഞുനോക്കുന്നില്ല ദീർഘമേ! എന്നു അഭിപ്രായം. മുൻപു പറഞ്ഞ രാത്രി ശയ്യയും ചെയ്യേണമെന്നു വിചാരിക്കമ്പോഴേക്കുതന്നെ കണ്ണുനീരായ വിധി എന്റെ ഭാഗ്യത്തെ, നിദ്രയെ തള്ളിപ്പിരിക്കുന്നു. കഷ്ടം! രാത്രൗന്നിദ്രെക്കായ് സ്വപ്നം കാണുവാൻ വേണ്ടി ഉറങ്ങുവാൻ കിടക്കുക, ചുമരിന്മേൽ ചിത്രം എഴുതുക, കാണുക, വിചാരിക്കുക, എന്നിവയിൽ രാത്രൗന്നിദ്രെക്ക്. തല്പതല്പ ന്നിദ്ര പീഡായിക്കുന്നതെന്നും. ദുഃഖമെന്നാൽ സങ്കടത്താൽ പ്രിയജന സമാഗമമാഗ്യ്രമോ എനിക്ക കണ്ടില്ല. സ്വപ്നമോ ലഭിക്കുന്നു. എനിക്ക സ്വപ്നത്തിൽ അതു കിട്ടിയാൽ മതി. അതുകൊണ്ടു തൃപ്തയായി കൊള്ളാം. എന്നാൽ അതിനും സംഗതി വരുന്നില്ല. ദൈവം അതി ദുഷ്ടൻതന്നെ എന്നു അഭിപ്രായം. കഷ്ടമേ സങ്കടാധിക്യദ്യോതകം. എന്റെ അനുഭവം ഈ വിധം ആയല്ലോ എന്നു അഭിപ്രായം. "തുച്ഛമോ

ലിഖ്യ പ്രണയകുപിതാം ധാതുരാഗൈശ്ശിലായാം" (മേഘം. ഉ. ൪൨.)
ഇത്യാദി പദ്യത്തിന്റെ ഛായ.

[illegible]–
[illegible] ‖
[illegible]
പ്രാണാൻ പ്രാണേശ്വരി! ന [illegible] ധാരയാമി ‖ ൭൭ ‖

ഇങ്ങൾപ്പാടോരു ധൈര്യമെയ്യുമസിനാ നിൻ–
  വിപ്രയോഗപ്രവാഹ–
[illegible] ശരിയില്ല–
  [illegible] ചുററാനാവ
കണ്ടതാം പൂണ്ട മുററം മുഴുമതിമുഖി! ഞാൻ,
  [illegible] സത്യം,
കണ്ടുള്ളവയൊക്കെയിന്നു [illegible] ക്ഷണമൊടെൻ–
  പ്രാണനെ പ്രാണനാഥേ! ‖ ൭൭ ‖

ശ്ലോ. ൭൭ ഇങ്ങൾ......[illegible] വലിയ സങ്കട[illegible]ത്തിൽ [illegible] വികാരത്തിന്റെ ആധിക്യത്തിൽ, [illegible] വന്നിരിക്കുന്നു. ധൈര്യമെയ്യുമസിനാ [illegible] കല്പിച്ച്, ധൈര്യത്തിന്റെ [illegible], [illegible] നശിച്ചു. പ്രവാ......[illegible] വികാരത്തിന്റെ ആധിക്യവും [illegible] [illegible]. [illegible] [illegible] "[illegible]" എന്ന [illegible]. [illegible] ധ്വനി. വലിയ [illegible] പുല്ലു കിട്ടിയാൽ [illegible]. "[illegible] പുലി പുല്ലും തിന്നും" എന്ന കവിവാക്യം സ്മർത്തവ്യം. [illegible], ഞാൻ [illegible] [illegible] എന്നു ഭാവം. [illegible] കിടക്കുന്നു. കണ്ടതാം......സത്യം

മുഴ്മതിമുഖി ഞാൻ [illegible] നിന്റെ കാലാണ സത്യം എന്ന് [illegible]. ഞാൻ [illegible] സത്യംചെയ്തു പറയുന്നു. കാലിന്റെ സത്യം [illegible] ധ്വനി. നിന്റെ കാലാണ സത്യം എന്ന ഭാഗത്തിൽ, വാക്യം [illegible] വരുന്നതല്ല, [illegible] കഷ്ടം... പ്രാണനാഥെ [illegible] [illegible] [illegible] [illegible] പ്രാണ നാഥെ! [illegible] നിന്റെ [illegible] വിടുവാൻ [illegible] [illegible] എന്ന [illegible], [illegible], ധൈര്യം [illegible]

[illegible]
[illegible] ||
[illegible]–
[illegible] || ൪ ||

നല്ലോമൽപ്പാത്ത്, ചിന്തനമവിന്, ചലതരം
വെണ്മവിതാളിയെന്ന–
ന്നില്ലാരോരോ വിതാനമെഴി ഹൃദയമൊഴി–
ച്ചുമ്മിയെട്ടാലേ [illegible];
അല്ലെങ്കിൽ, ധൈര്യമില്ലാത്തവർ വിറകകണ–
ക്കൊക്കമുൾക്കൊള്ളുക [illegible]–
ട്ടുല്ലംഘിച്ചുമ്മിയേന്തും വിഘാതമേനനിൽ–
പ്പാററയെപ്പോലെയാകും || ൫ ||

ശ്ലോ. ൭൨. നല്ലോമൽപ്പാട്ടു..... [illegible] സംഗതിം, [illegible] വീണ [illegible] വിവിധ [illegible] ജീവിച്ചിരിപ്പില്ലെങ്കിൽ [illegible]..... [illegible]

[illegible]

ഇഷ്ടി [illegible]

[illegible]

[illegible] ൭൫ ॥

[illegible]

[illegible] കില്ല, [illegible]

[illegible]

[illegible] നിൽക്കുകില്ല,

എന്നമ്മട്ടൊററനാൾപ്പെട്ടൊരു വിരഹമതി-
ന്നാഹസം കാട്ടിടും നീ-
യിന്നാമട്ടല്ലിതയ്യോ! മമ മനസി ഭയം
കോപനേ! വേണ്ടതല്ല. ൪൬

വ്യാ. ഒരു. ഒന്നും മെയ്......ഭരണം ഒന്നും ആഭരണം മെയ്യിൽ ചേർക്കില്ല എന്നു് അന്വയം. ഒരു ആഭരണവും ധരിക്കയില്ല. അരിയ കണ്ണാടി......നില്ക്കില്ല കണ്ണാടി നോക്കുക, സഖിമാരോടുകൂടി നേരംപോക്കു പറയുക, സഖികൾ പറയുന്നതു് അനുസരിക്കുക എന്നിവയും ചെയ്കയില്ല. ഇവയൊക്കെയും വിമുഖിയായിരിക്കും എന്നു് ഭാവം. എന്നമ്മട്ടൊ......കാട്ടിടും നീ ഇപ്രകാരം ഒരു ദിവസം വേർപാടു് ഉണ്ടായാൽതന്നെ സാഹസം കാണിക്കുന്നവളാണു് നീ. ഞാൻ ഒരു ദിവസം അടുത്തില്ലാതെ വന്നാൽ മതി, സർവ്വവിനോദങ്ങളേയും ഉപേക്ഷിച്ചു വിഷണ്ണയായിത്തീരും; ഇതാണു നിന്റെ സ്വഭാവം. ഇന്നാമട്ട......വേണ്ടതല്ല ഇന്നു് ഈ മട്ടല്ല അയ്യോ! കോപനേ! മമ മനസി ഇതു ഭയം വേണ്ടതല്ല എന്നു് അന്വയം. ഇന്നു് അപ്രകാരമല്ലല്ലോ. അയ്യോ, പ്രിയേ, ഞാൻ എങ്ങിനെ ഭയപ്പെടാതിരിക്കും. ഒരു ദിവസത്തെ വിരഹത്തിങ്കൽതന്നെ സാഹസം കാണിക്കുന്ന നീ ഇന്നത്തെ ദീർഘവിരഹത്തിൽ എന്തെല്ലാം കടുംകൈകൾ ചെയ്യുകയില്ല. അതു വിചാരിച്ചാൽ എനിക്കു വളരെ ഭയമുണ്ടായിരിക്കും. ഭയം സംഭാവ്യം എന്നു ഭാവം. അയ്യോ! അപ്രതീക്ഷിതമായ സങ്കടാവസ്ഥാദിവികാരാവേശത്തിൽ അനിച്ഛയാ പുറപ്പെടുന്ന ശബ്ദം. "അയ്യോ പാപം കളിച്ചും ചെറുതു ഒരു പിഴച്ചീല വരാ കരവമെ ഞാൻ" (ഭാ. ര. ചമ്പു) എന്നു പ്രയോഗം. കോപനേ! സംബോധന. കോപസ്വഭാവത്തോടുകൂടിയവളേ. കോപം ഈർഷ്യാജനിതമായ കോപം; മാനം, പ്രണയകലഹത്തിൽനിന്നുണ്ടായ മനസ്സിന്റെ പാരുഷ്യം.

ഇവിടെ കോപനാശബ്ദത്തിനു (സാധാരണ) ലൗകികമായി ഉള്ളി എന്നു് അർത്ഥം ഗ്രഹിക്കുന്നതു് അബദ്ധവും അയുക്തവും ആയിരിക്കും. പ്രണയകലഹത്തിൽ സംഭവിക്കുന്ന ക്രോധം, ഈർഷ്യാത്തമായ കോപം അതായതു മാനം, എന്നതത്രേ പ്രകൃതത്തിൽ കോപത്തിനെ

തുല്യപ്രേമത്തിൽ നില്പോരബലകൾ, ദയിത-
　　ന്മാർകൾ ദൂരെപ്പിരിഞ്ഞാൽ
ശല്യപ്രായാമസഹ്യവ്യസനമൊരുവിധ-
　　ത്തിൽ സഹിക്കുന്ന കാര്യം
കില്ലില്ലാ, മെച്ചമത്രേ, പരമിവരവരേ-
　　ക്കാട്ടിലും സാഹസൈക-
ച്ചൊല്ലിദ്ദേഹത്തെ മുമ്പിൽക്കളവതുമൊരു മീ-
　　ശത്വമെന്നായ്വരപ്പൂ. ॥൭൪॥

ശ്ലോ. ൭൪. തുല്യപ്രേമ......ബലകൾ സമമായ അനുരാഗത്തോടുകൂടിയ സ്ത്രീകൾ. അബലകൾ ശരീരത്തിനും മനസ്സിനും കരുത്തു കുറഞ്ഞവർ, സ്ത്രീകൾ. വിരഹദുഃഖം സഹിക്കുവാൻ ശക്തിയില്ലാതിരിക്കുന്നവർ എന്നു ധ്വനി. ദയിത......പ്പിരിഞ്ഞാൽ തങ്ങളുടെ ഭർത്താക്കന്മാർ അകലെയായാൽ, തങ്ങൾ വിയുക്തകളായാൽ. ദയിതന്മാർകൾ പ്രിയതമന്മാർ, ഭർത്താക്കന്മാർ. ദയിതന്മാർ എന്നു മതി. 'കൾ' വേണമെന്നില്ല.

　　ബാലാപാംഗികൾ ചാതുരന്മാരും
　　കർണ്ണം ശിക്ഷ്യകരങ്ങുന്നപോൽ

(കേര. പാണി.) എന്ന സൂത്രാനുസാരിയായ ഇവിടെ 'കൾ' പ്രയോഗിച്ചു ദയിതന്മാർകൾ എന്നു രൂപം സിദ്ധിക്കുന്നതു ശരിയല്ല. ദയിതന്മാർകൾ പൂജ്യാദരബഹുവചനമായി ഗണിക്കാം. ശല്യപ്രായ......കാര്യം അസഹ്യവ്യസനം ഒരു വിധത്തിൽ സഹിക്കുന്ന കാര്യം ശല്യപ്രായമാം എന്നു അന്വയം. ദുസ്സഹമായ ദുഃഖം ഒരുവിധം കഷ്ടപ്പെട്ടു സഹിക്കുന്നതു ശല്യമാകുന്നു. ശല്യപ്രായ് [illegible] ദ്യോതിപ്പിക്കുന്നു. സ്ത്രീപുരുഷന്മാർക്ക് അന്യോന്യം സ്നേഹം സമമാകുന്നു എങ്കിലും വിരഹത്തിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾ അധികം ദുഃഖം അനുഭവിക്കുന്നു എന്നു ഭാവം. "ഉൽസ്സുകാനാം [illegible] ആധിക്യം [illegible]" എന്നു മാനവേദൻ. കില്ലില്ലാമെച്ചമത്രേ......മെന്നായ്വരപ്പൂ സ്ത്രീകൾ പുരുഷന്മാരേക്കാൾ സഹ

സം പ്രവർത്തിച്ചു ആത്മത്യാഗം ചെയ്യുന്നതു ശീലലക്ഷണമായി ഗണിക്കുന്നു. ഭർത്താവു അദൃശ്യനായിരിക്കുന്നു എന്നു അറിഞ്ഞാൽ സ്ത്രീക്കു ജീവിതത്തിൽ ആശ നശിക്കുന്നു. അങ്ങനെ ജീവിതാശ കൈവന്നാൽ പിന്നെ ആത്മത്യാഗമല്ലോ ആത്മത്രാണമാണ ശ്രേഷ്ഠം. ശീലത്രാണം ശാസ്ത്രത്തിന്റെ ഉദ്ദേശ്യം, ലയം. ആത്മത്യാഗം അധീനമല്ലെങ്കിലും എന്നു അഭിപ്രായം. പ്രസ്തുത പദ്യത്തിലെ സ്ത്രീത്വം എന്നും അർത്ഥം. "വിശേഷേണ സ്ത്രീഭാവേന ശീലം" എന്നു അമരം. "ത്വം നഹി സാ ശീലാ യഥോച്യതേ" എന്നു ശാകു. (ശാ. ൫൩). അതുമൊരു ശീലത്രാണം എന്നു പ്രയോഗത്തിന്റെ സ്വഭാവം വിചാരിച്ചാൽ ഈ അർത്ഥവും കവി വിചാരിച്ചിട്ടുണ്ടെന്നു ഗ്രഹിക്കാം. ശീലത്തിന്റെ കഥകളിൽ ഉദ്ദേശ്യപൂർവ്വം കൾ ജനിക്കുന്നു മുതൽ എന്നും അർത്ഥം ഉണ്ട്. ആത്മത്യാഗം ചെയ്യുന്നതു ശീലവിശേഷത്തിൽ ആപത്സാമാന്യമായ ചോദ്യങ്ങളും പരിരക്ഷകൾ ഉണ്ടാക്കുന്നതായി വിചാരിക്കണം. മൂലകവിയുടെ 'കാന്താഭാവ' ങ്ങളാണ് പരിരക്ഷകന്റെ ശീലത്വം അത്യപൂർവ്വം സരസവും ആയിട്ടുണ്ടെന്നു ഉപന്യസിക്കുന്നു. ഇവിടെ ആത്മത്യാഗത്തിന്റെ നിന്ദ്യതയേയും ജീവിതത്തിന്റെ ഉൽകൃഷ്ടതയേയും കവി വ്യംഗ്യമായി ഉപദേശിച്ചിരിക്കുന്നു.

ജീവനം മരണാച്ഛ്രേയം
ജീവൻ ധർമ്മമവാപ്നുയാൽ

എന്നു മഹാഭാരതം. "പുല്ലുതിന്നും പുറിയിൽ കിടക്കണം" എന്ന പഴഞ്ചൊല്ലും ഓർമ്മയിൽ വരുന്നു.

സത്യപ്രാണേർഗ്ഗതി വിരഹോ നാതിശോകാത്ചലിതീമാൻ
വല്ലീരേൻ തേ വാ വചസി പയസീവ ക്ഷണം നോല്ലിലന്തി ||
സന്താപ്യന്തം വിരഹവിനയസ്സുതാപവാൻ നിവികല്ലു
യന്നന്ന്യാദൃശീ മനസി ന്തിയമാണാദ്ദ്വിനീവ സ്ഫുരന്തി || ൭൪ ||

വന്നാലുംദുർഗ്ഗമതദ്വാരപുരധികമതു വിഷാ-
ദിച്ചു ദുഃഖിപ്പിരിക്കൊ-
ല്ലെന്നാവർത്തിച്ചരം വാക്കിൻജലനിലയിൽ വര-
ച്ചീടമാളുണ്ടസംഖ്യം;

എന്നാലോ, ശങ്കയെന്യേ, കരളിലിതു് ശില-
ത്തട്ടിലാമ്മട്ടിലായി-
ട്ടൊന്നായ് നന്നായ്ത്തിളങ്ങുമ്പടിയുടയ മഹാ-
ധീരനേറെച്ചുരുക്കം. ‖൭൭‖

ശ്ലോ. ൭൭. വന്നാലും ദുർഘട......കൊല്ല ദുർഘടപ്പെട്ട അധികം വന്നാലും അതു വിചാരിച്ചു ഭയപ്പെട്ടിരിക്കരുതു എന്നു അഭിപ്രായം. കഷ്ടതകൾ അധികം ഉണ്ടായാലും അവയെപ്പറ്റി വിചാരിച്ചു ഭയപ്പെടരുതു്. എന്നാവർണ്ണങ്ങൾ......സംഖ്യം ഇപ്രകാരമുള്ള അർത്ഥങ്ങൾ [illegible] വെള്ളത്തിൽ വരയ്ക്കുന്നതുപോലെ പറയുന്ന ആളുകൾ വളരെയുണ്ടു്. "വിപദി ധൈര്യം" എന്ന തത്വം ഉപദേശിക്കുന്നവർ പലരും കാണും. എന്നാൽ അവരുടെ വാക്കുകൊണ്ടു് ഒരു ഫലവും ഇല്ല എന്നു് അഭിപ്രായം. ജലനിലയിൽ വരയ്ക്കുക വെള്ളത്തിൽ വരയ്ക്കുക. ശൈലി. ക്ഷണനാശദ്യോതകം. വെള്ളത്തിൽ വരച്ചാൽ എന്നപോലെ ക്ഷണത്തിൽ നശിക്കുന്നതെന്നു ഭാവം. ജലലിപി ജലരേഖ. എന്ന ശൈലിയെ സ്മരിച്ചുകൊണ്ടാണു് മൂലകവി "പയസീവ ക്ഷണം നോല്ലിഖന്തി" എന്നു പ്രതിപാദിച്ചിരിക്കുന്നതു്. ജലലിപി (രേഖ) സംസ്കൃതത്തിൽ പ്രസിദ്ധ ശൈലിയാകുന്നു. "ജലലിപിരിതി കാമം സംഗിരന്താം ഗിരാം" എന്ന (ഭോ. ചമ്പു) പ്രയോഗം ദ്രഷ്ടവ്യം. എന്നാലോ ശങ്കയെന്യേ അങ്ങനെ ഉപദേശിക്കുന്നവർ ധാരാളമുണ്ടെങ്കിലും, നിസ്സംശയമായി കരളി......മ്മട്ടിലായിട്ടു ഇതു കരളിൽ ശിലത്തട്ടിലാമ്മട്ടിലായി. ഈ തത്വം മനസ്സിൽ പാറയിൽ കൊത്തിവച്ചാൽ എന്നപോലെ ഒരുകാലത്തും മായാത്തവിധം സ്ഥിരമായിട്ടു്, ശിലത്തട്ടിലാമ്മട്ടിലായി വിളങ്ങുക ശിലാരേഖപോലെ. ശൈലി. ശാശ്വത്യദ്യോതകം. ഒന്നായ്......ധീരൻ ഒരുവനും നല്ലപോലെ ശോഭിക്കുന്ന മഹാധീരൻ, മനസ്സിൽ പ്രസ്തുത തത്വം എല്ലായ്പോഴും ധരിച്ചു പ്രവൃത്തിയിൽ വരുത്തുന്നവനാണു് മഹാധീരൻ എന്നു് അഭിപ്രായം. അപ്രകാരം ധീരതയോടുകൂടിയവൻ ഏറെച്ചുരുക്കം ലോകത്തിൽ എവിടെയും വളരെ ചുരുക്കമാകുന്നു. പരന്മാർക്കു് ഉപദേ

ശിക്കുക എന്നതു് ആർക്കും എളുപ്പത്തിൽ സാധിക്കും. അത്തരക്കാർ എവിടെയും ഉണ്ടു്. എന്നാൽ ഉപകാരമായ സഹായം അത്യാവശ്യത്തിൽ വരുത്തുക എന്നതു് മഹാന്മാർക്കു മാത്രമേ സാധിക്കയുള്ളൂ. അവർ എവിടെയും ദുർല്ലഭം എന്നു് ഭാവം.

അന്യോന്യസ്യ ത്രുടതി വിരഹേ പ്രായശഃ കാമുകാനാം
മന്ദം മന്ദം ചിരതരമനാലോകനാൽ പ്രേമബന്ധഃ ||
ഏവം മൂഢാഃ പ്രവദതി ജനസ്തത്ര ഖിന്നാ മയി ത്വം
മാശങ്കിഷ്ഠാഃ സുതനു ഭവദാലംബി താന്താമമന്ദാ || ൬൭ ||

അന്യോന്യം പ്രേമബന്ധം വിരഹമണകിലോ
മിക്കതും കാമികൾക്കു-
ള്ളൊന്നൊന്നൊന്നായ് മുറിഞ്ഞററിടുമനവധിനാ-
ളൊത്തുകാണായ്കയാലേ!
എന്നോതും മൂഢവാക്കാലുഴലിലുഴലുമീ-
യെന്നൽ നീ ശങ്കതേടാ-
യ്കൊന്നോർത്താലാത്മാവിനെക്കാണിവനിലുമനമാ-
നിച്ഛാൾപ്പാലുമെല്ലാം. || ൬൭ ||

വ്യാ. ൬൭. അന്യോന്യം......കാണായ്കയാലേ മിക്കതും കാമികൾക്കു് അന്യോന്യം പ്രേമബന്ധം വിരഹമണകിലോ അനവധിനാളൊത്തുകാണായ്കയാലേ അതു് ഒന്നൊന്നൊന്നായ് മുറിഞ്ഞു അററിടും, എന്നു് അന്വയം. വിരഹവാസം കാമുകന്മാർക്കു സ്നേഹം വേർപാടു വന്നു ചേരുന്നതും അധികം നാൾ ഒരുമിച്ചു കാണാതെയിരിക്കയും ചെയ്താൽ ക്രമേണ കുറഞ്ഞു കുറഞ്ഞു നാമാവശേഷമാകും. വളരെ നാൾ തമ്മിൽ കാണാതെയായാൽ അനുരാഗം ക്രമേണ കുറഞ്ഞു് ഒടുവിൽ നിശ്ശേഷം നശിക്കും എന്നു് ഭാവം. മിക്കതും ഈ സാധാരണമായി കണ്ടുവരുന്ന ലോകസ്വഭാവമെന്നും ഇതിനു വിപരീതമായും ചിലപ്പോൾ സംഭവിക്കാമെന്നും അഭിപ്രായം. കാമികൾക്കു കാമികൾക്കും കാമിനികൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും, തമ്മിൽക്കും, ഒരുപോലെ എന്നു് അർത്ഥം. ‘‘പുമാൻ സ്ത്രിയാ’’ എന്നു് പാണിനിസൂത്രം ദ്രഷ്ടവ്യം. എന്നോതും മൂഢവാക്കാൽ എന്നിപ്രകാരം പറ

യുന്ന വിവരമില്ലാത്തവരുടെ വാക്കുകളും. മൂഢൻ മോഹിച്ചവൻ, വിവേകജ്ഞാനമില്ലാത്തവൻ. ഇങ്ങനെയുള്ളവരെ കാര്യം പറഞ്ഞു മനസ്സിലാക്കുവാൻ പ്രയാസമാണെന്നു് അഭിപ്രായം.

> ജ്ഞാനലവദുർവ്വിദഗ്ദ്ധം
> ബ്രഹ്മാപി നരം ന രഞ്ജയതി.

എന്നു് ഭർത്തൃഹരി. അയി......തോരാത്ത സങ്കടംകൊണ്ടു് അസഹ്യസ്ഥനായിരിക്കുന്ന ഈ എന്നിൽ നിനക്കു കാരുണ്യമുണ്ടാകണേ. അറിവില്ലാത്തവരുടെ വാക്കുകളു്, എനിക്കു നിന്നിൽ അനുരാഗം കാണാതിരിക്കാനു കാരണമാകയോ എന്നു നീ സംശയിക്കരുതു്. ഉഴലുന്ന ഏററിത്തിരിയുന്ന ഉന്മത്തപ്പോലെയായിത്തീർന്ന എന്നു ധ്വനി. ഒന്നോ......ടെല്ലാം നിന്റെ സ്വന്തം സ്ഥിതി അറിഞ്ഞു്, അതുകൊണ്ടു് എന്റെ സ്ഥിതിയും അനുമാനിച്ചുകൊണ്ടാലും. അനേകം ദിവസം കാണാതായിരിക്കുന്നതുകൊണ്ടു നിനക്കു് എന്നോടു സ്നേഹം കുറഞ്ഞിട്ടില്ലാത്ത നിന്റെ സ്വന്തം അനുഭവംകൊണ്ടു് അറിയാമല്ലോ. അതുപോലെ എന്റെയും സ്ഥിതി എന്നു വിചാരിച്ചുകൊള്ളുക. അനുമാനിച്ചറിഞ്ഞാലും അനുമാനം ചെയ്തു നിശ്ചയിച്ചാലും.

“അനുമിതികരണം അനുമാനം; പരാമർശജന്യം ജ്ഞാനം അനുമിതിഃ” (ത. സം.) എന്നു തർക്കസംഗ്രഹം. അനുമിതിയെ ഉളവാക്കുന്നതു് അനുമാനം. പരാമർശംകൊണ്ടുണ്ടായ ജ്ഞാനം അനുമിതി. “പ്രതിജ്ഞാഹേതൂദാഹരണോപനയനിഗമന”ങ്ങൾ അനുമാനാംഗങ്ങൾ. പ്രേമത്വാതിശയം പ്രതിജ്ഞ. ഖേദം ഹേതു. എവിടെയെല്ലാം (വേർപാടിൽ) ഖേദമുണ്ടോ അവിടെയൊക്കെ പ്രേമവും ഉണ്ടു്. “യദി പ്രേമവാൻ ന സ്യാത്തർഹി ഖേദവാനപി ന സ്യാത്” എന്നു നിയമം. നിന്റെ സ്വന്തം അനുഭവം ഉദാഹരണം. ശേഷം സ്പഷ്ടം.

“നിന്നെപ്പിരിഞ്ഞന്നിട്ടു” (ശ്ലോ. ൬൯) ഇത്യാദി ഭാഗങ്ങൾ എന്റെ ദുരവസ്ഥയെ വെളിവാക്കുന്നുണ്ടല്ലോ; ഇപ്രകാരം നീ മനസ്സിൽ വിചാരിച്ചു ധീരയായിരിക്ക. “ഓർക്കുന്നതിന്നുമൊരുമിക്കുന്ന ലോകരിൽ വിരഹം ദുഃസഹമായ് ഭവിക്കും.” എന്നു (മയൂരസന്ദേശം) സ്മർത്തവ്യം.

കിന്ത്വാശങ്കേ ചപലിതി സഹസാ വിപ്രയോഗോരഗേന്ദ്ര
യാസ്യത്യന്തർവിഷമിവ വമന്ത്യാം വയോർവാസരാണി ||
താന്യപ്യാശാ തരതിരുദയം യാതി നസ്സംഗമേന
സമ്പത്സ്യന്തേ ചിദ്ഗുണമമൃതസ്യന്ദസാന്ദ്രാണി || ൩൯ ||

എന്നല്ലക്കൊട്ടു ചീറവുംപുതുവിരഹമഹാ-
പന്നഗംമൂലമായി-
ച്ചിന്നംമാറുഗ്രമാകുംവിഷമനവധിയി-
നമ്മളിൽക്കക്കിയാലും
പിന്നെക്കീനമ്മളിൽത്താമുദയമണയുമാ-
സ്സംഗമത്തിങ്കൽവന്നാ-
ലന്നെല്ലാം തങ്ങിരട്ടിച്ചമൃതുചൊരിയുമാ-
റാകുമീവാസരങ്ങൾ ||൩൯||

ശ്ലോ. ൩൯. എന്നല്ലക്കൊട്ടു.....കക്കിയാലും. കക്കുക എന്ന ക്രിയക്കു പപ്പവസാനമായിരിക്കുന്ന വാസരങ്ങൾ കർത്താവു്. അത്ര തന്നെയുമല്ല, ശക്തിയോടുകൂടി ചീറവന്ന (ചെല്ലുന്ന) പുതിയ വിരഹമാകുന്ന മഹാസർപ്പംനിമിത്തം ശരീരത്തിൽ എല്ലാസ്ഥലത്തും വ്യാപിക്കത്തക്കവണ്ണം കടുത്ത വിഷത്തെ അതിരില്ലാതെ നമ്മളിൽ ചൊരിഞ്ഞാലും. കക്കുക ഛർദ്ദിക്കുക. വിരഹം നിമിത്തം ഇന്ന നമുക്കു അതിദുസ്സഹമായ പീഡയെ ജനിപ്പിക്കുന്ന ഈ ദിവസങ്ങൾ എന്നു ഭാവം. പുതുവിരഹം പൂർവ്വഭാഗം ശ്ലോ. ൧൦. വ്യാഖ്യാനം നോക്കുക. മഹാപന്നഗം വിരഹത്തിന്റെ ഭയങ്കരത്വം ധ്വനി. വിഷം ദുഃഖങ്ങളുടെ ദുസ്സഹത വ്യഞ്ജിപ്പിക്കുന്നു. പിന്നെക്കീ.....ത്താൻ മേലിൽ ഇന്ന ദുഃഖിതന്മാരായ നമ്മളിൽത്തന്നെ ഉദയ......വന്നാൽ നമ്മുടെ സമാഗമമാകുന്ന പൂർണ്ണചന്ദ്രൻ വന്നു ഉദിക്കുമ്പോൾ. നമുക്കു സമാഗമമുണ്ടാകുമ്പോൾ അന്നെല്ലാം......വാസരങ്ങൾ. അന്നെല്ലാം ഈ വാസരങ്ങൾ തങ്ങിരട്ടിച്ചമൃതുചൊരിയുമാറാകും. ആ കാലത്തു ഈ ദിവസങ്ങൾ തങ്ങിരട്ടി അമൃതുചൊരിയുന്ന വിധമായിത്തീരും. അന്നു ഈ ദിവസങ്ങൾ ഇന്നു ദുഃഖിപ്പിച്ചതിനു പകരം ഇരട്ടി നമ്മെ സന്തോഷിപ്പിക്കും. എന്നു ഭാവം.

ചിരവിരഹിണോരുല്ലസന്ത്യാ ഗ്രഥിതഗാത്രയോർ-
നവമിവ ജഗജ്ജന്മം ദ്രുയമാനോരിതരേതരം

എന്ന അർത്ഥികം.

യാതവ്യാ സ്യാ ഭവതി ഗണനാ യാവതീ ഭൂഃ പുരസ്താ-
ത്തസ്മാൽ സേതോരനുപദമിതഃ പ്രാഗ്ധനാമായതേന ||
അർദ്ധ്വം ഭൂയാൻ കിയദിതി നോ നിർണ്ണയസ്സംശയേ മേ
കാലം നാതഃ പരമപി ലവം വിദ്ധി തദ്വാസരാണാം || ൨൨ ||

ഒന്നായിസ്സേതുമേൽനിന്നിവന്റെപ്പുറകേ
　　　വേഗമാൎന്നാൽ നടയ്ക്കാം-
ഇന്നാൽ നേർമാർഗ്ഗമാത്തു ദ്രുണമതിലകമെ-
　　　ത്തീടുവാനെത്രവേണം?
ഇന്നാരനേരം കുറച്ചോ,കിമപിവളരെയോ,
　　　തീർച്ചയില്ലാ നമുക്കോ-
ന്നൊന്നാഴ്ചേരുന്നതിന്നായതിലൊരുനിമിഷം
　　　പോലുമേറില്ല കാലം ||വെ||

സ്വൂള. വ്യാ. ഒന്നായി......വന്നാൽ ഒന്നായി ഈ സേതുസ്ഥലത്തുനിന്ന് ഈ ദൂതന്റെ പുറകെ അതിവേഗത്തിൽ കാൽനടയായി യാത്രചെയ്താൽ. നേർമാർഗ്ഗ......വേണം നേരെ വഴിയിൽകൂടി ആ ഇന്ദ്രതിലകത്തിൽ ചെന്നെത്തുവാൻ എത്രനേരം വേണം. ഇന്നാ......യില്ലാ അങ്ങനെ യാത്ര ചെയ്യുവാൻ വേണ്ടിവരുന്ന സമയം കുറച്ചുമാത്രമോ അധികമുണ്ടോ എന്ന തീർച്ചയില്ല. നമുക്കൊ......ന്നിനായ് ഞാൻ അവിടെയെത്തി നിന്നോട്ട ഒരുമിച്ചു ചേരുന്നതിനുള്ള ...തിലൊ......കാലം കാലം അതിൽ ഒരു നിമിഷംപോലും ഏറില്ല എന്ന അഭിപ്രായം. കാലം വേണ്ടിവരുന്നതിൽ ഒരു നിമിഷംപോലും ഏറുന്നതല്ല. കാൽനടയായി, എത്ര വേഗം അവിടെ വരെ ചെല്ലുവാൻ കഴിയുമോ അത്രയും വേഗം ഞാൻ വരുമെന്നും അതിലധികം ലഘുവായ കാലതാമസംപോലും വരികയില്ലെന്നും ഭാവം.

കച്ചിൽ കാന്തേ! ഏളി തരളുനാ യത്രരാ ജ്യോത്സ്നികായാം
ക്രീഡാന്തീഷു പ്രിയതമകരൈർന്നേ കേളിസൌധേ സഖീഷു ||
സപത്നീമധ്യേ മദനഗുരുനാ മാം ചൈഷതു കോപി കർണ്ണേ—
ഷിത്യാന്താനാം ഉപമകലയാം മിത തരളോർമ്മിതാശ്യാം || ൫൯ ||

ചിന്നംപൂവെണ്ണിലാവിൽ സുരപുരമുരസ്യം
കേളിസൌധത്തിലാളീ-
വൃന്ദം താരെന്നൊത്തുകൂത്താടിട്ടുമിടയിലൊരാറം
ദിവ്യനെങ്ങാനമിപ്പോൾ
എന്നെസപത്നീജനത്തിൻനടുവിൽനരനിതെ-
ന്നോർത്തകത്തിട്ടുമെന്നാ-
യെന്നോ ഞാൻ ഭീരു! നിൻകൈകലതകളിലയി ബ-
ന്ധിച്ചതോർക്കുന്നതില്ലേ? ||൫൯||

ശ്ലോ. ൫൯. ഇതു മുതല്ക്കു ഏഴു പദ്യങ്ങളിൽ അഭിജ്ഞാനങ്ങളെ പ്രതിപാദിക്കുന്നു. ദൂതന്റെ വാക്കിൽ നായികയ്ക്കു വിശ്വാസം സംഭവിക്കുന്നതിനു പറയുന്ന അടയാളം അഭിജ്ഞാനം. ഇതു സന്ദേശകാവ്യത്തിന്റെ പ്രധാനമായ അംശമാകുന്നു.

ചിന്നം......മിടയിൽ സർവ്വത്ര വ്യാപിക്കുന്ന പൂനിലാവോടുകൂടിയതും സൌധത്തിൽ ചേർന്ന മുറ്റവുമായ മാളികയിൽ സഖികളോടൊന്നിച്ചു കളിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ കൂത്താട്ടക എന്നാലി. ചാക്യാന്മാർ നൃത്തം ചെയ്യുന്നതിനു (പ്രബന്ധം പറയുന്നതിനു) കൂത്ത് എന്നു പറയുന്നു.

വായ്ക്കൊണ്ടു ചാരുചതുമിതു തുടങ്ങിനാൻ
ചാക്കിയാർ കൂട്ടുന്ന കൂത്തുപോലെ

എന്നു (കൃ. ഗാ) ദ്രഷ്ടവ്യം. അതിൽനിന്നു കളി എന്ന അർത്ഥത്തിൽ ഈ ശൈലി ഉണ്ടായി.

പരിഹാസത്തോടു മതിച്ചു കൈകൊട്ടി-
ച്ചിരിച്ചു കൂത്താടി നടന്നു നിങ്ങളും

എന്നു ഭാരതം (ക. പ.) കിളിപ്പാട്ടിലും,

ക്രീഡാമദ്ധ്യന്മേൽ മഹീയേ
ക്രന്ദാരൂഢവാൻ നീ കപിസാർവ്വഭൌമഃ

എന്നു രാമായണചമ്പുവിലും (സുന്ദ. കാ) ഈ രീതി ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധേയം. ഭരാദ്......പ്പോദ് എങ്ങാനും ദിവ്യൻ ഭരാദ്ഏറ്റപ്പുറം എന്നു അന്വയം. ആകാശത്തിൽ എവിടെയെങ്കിലും സഞ്ചരിക്കുന്ന ഒരു ദേവൻ ഈ സമയത്തു്. എന്നോ സപത്നീ...... കൂത്തീട്ടു എന്നോ ദേവസ്ത്രീകളുടെ നടുവിൽ ഇരിക്കുന്ന ഒരു മനുഷ്യനാണെന്നു വിചാരിച്ചു അകറവും എന്നായെന്നോ......തില്ലേ 'എന്നായ്' എന്നെ അയി ഭീരു നിൻ കൈവളകളിൽ ബാധിച്ചുള്ള ഓർക്കുന്നില്ലേ എന്നു അന്വയം. എന്നു പറഞ്ഞപ്പോൾ എന്നെ അല്ലയോ ഭീരു! നീ നിന്റെ വിരിപ്പത്തളമായ കയ്യുകൾകൊണ്ടു കെട്ടിയതു ഓർക്കുന്നുണ്ടോ. സുരപുരമുരസ്സം കേളി സൌധത്തിൽ മാളിക സപത്നത്തിൽ വെച്ചു മുട്ടുന്നതുകൊണ്ടു അതിനകത്തിരിക്കുന്ന സ്ത്രീകളെ സപത്നി സ്ത്രീകളെന്നു (ദേവനു) വിചാരിക്കുവാൻ ഇടയാകുന്നു എന്നു അഭിപ്രായം. മാളികയുടെ പൊക്കവും സ്ത്രീകളുടെ സൌന്ദര്യോല്ക്കർഷവും ധ്വനി. ഒരു ദിവസം ചന്ദ്രികാസുന്ദരമായ രാത്രിയിൽ നീയും സഖികളും ഞാനും ഒരുമിച്ചു മാളികയുടെ മുകളിലത്തെ നിലയിൽ പാട്ടു്, നൃത്തം, ചൂതു മുതലായ വിനോദങ്ങളിൽ ഏർപ്പെട്ടു രസിച്ചു കൊണ്ടിരുന്നു. അപ്പോൾ ഞാൻ ഇപ്രകാരം പറഞ്ഞു. "ഈ സമയത്തു് ആകാശത്തിൽ സഞ്ചരിക്കുന്ന ഏതെങ്കിലും ഒരു ദേവൻ അപ്സരഃസ്ത്രീകളുടെ കൂട്ടത്തിൽ ഒരു മനുഷ്യൻ ഇരിക്കുന്നു. ഇവനെന്തിവിടെ കാര്യം" എന്നു വിചാരിച്ചു് എന്നെ സ്ത്രീകളുടെ കൂട്ടത്തിൽ നിന്നു അകറ്റും." ഞാൻ ഇപ്രകാരം പറഞ്ഞ ഉടനെ എന്നെ അകററിയേക്കുമോ എന്നു ഭയപ്പെട്ടു നീ, ദേവൻ അങ്ങനെ ചെയ്യാതിരിക്കുവാൻ, നിന്റെ കയ്യുകൾകൊണ്ടു എന്നെ ബന്ധിക്കുക ഉണ്ടായി. ഇക്കാര്യം നിനക്കു ഓർമ്മയുണ്ടോ എന്നു ഭാവം. ഭീരു എന്നിവ. എന്നെ അകറവും എന്നു പറഞ്ഞതു കേട്ട ഉടനെ തന്നെ എന്റെ വിരഹത്തിൽ ഭീതിയുണ്ടായി എന്നു അഭിപ്രായം. നായിക ഭയത്താൽ സ്വയമേവ നായകനെ ആശ്ലേഷിച്ചു എന്നു വ്യഞ്ജിക്കുന്നു. ഇവിടെ നായകൻ 'ഉപായാന്തരം കഥാവ്യാജം' കൊണ്ടു 'നായികാകർത്തൃകാലിംഗനരൂപ'മായ അഭീഷ്ടം സാധിക്കുന്നു. അലങ്കാരം പര്യായോക്തം.

പാദ്ധ്വയോഃ കുത്ര ഗമ്യസ്യ
വാച്യം ഭംഗ്യന്തരേണയം

എന്നു ലക്ഷണം.

ഈ പദ്യത്തിൽ പ്രതിപാദിതമായിരിക്കുന്ന അഭിജ്ഞാനത്തിന്ന അസഭ്യമായിട്ടു തോന്നും. എന്നാൽ ഇതിനെ ഒരു നേർമ്പോക്കായിട്ടു ഗണിക്കേണ്ടതായിട്ടുള്ളൂ.

പുംഭിസ്ത്രീണാം മനസിജമഹേ പുഷ്പിതാനാം നികുഞ്ജേ
ഭൂയഃ പുഷ്പാപചയകലയാ ഭായമാനേ വിഹാരേ ॥
ആലീഹസ്തേ വിനിഹിതമഹാ ശിഞ്ജാനന്നൂപുരാര്യാ-
രംഭം മേ ... ലതികമവിശോ ... വ്യോമവീഥിം ॥ ൭൦ ॥

ചൈത്രേ കാമോത്സവത്തിൽ ഗൃഹമതിൽ വളരെ
സ്ത്രീകളാണുങ്ങളോടും
ചേരും മദ്ധ്യത്തിൽ വെച്ചിട്ടഴകൊടൊരുതരം
പുഷ്പവൃക്ഷത്തിരക്കിൽ,
ധീരം തൻകാൽച്ചിലമ്പാളികളും സഖികളില്ലായ്-
വാത്മാറിക്കൊടുത്ത-
ന്നേരം നോം തണ്ണമ്പിട്ടടി മലർവാ-
ടികക്കും കേറിയില്ലേ? ॥ ൭൦ ॥

ശ്ലോ. ൭൦ ചൈത്രം കാമോത്സവത്തിൽ ആഘോഷം, കാമോത്സവം നടക്കുന്ന കാലത്തു ഒരു ദിവസം. കാമദേവന്റെ പ്രീതിക്കുവേണ്ടി നടത്തുന്നതു്, കാമദേവനെ പൂജിക്കുന്നതായ ഉത്സവം കാമോത്സവം.

മനസിജമഹേ എന്നു മൂലത്തു "ചൈത്രശുക്ലചതുർദ്ദശ്യാം കസ്യ ത്തിൽ കാമപൂജായാം ഉത്സവഃ" എന്നു വ്യാഖ്യാനം "മനസിജസ്യ സംബന്ധിനി തൽപൂജാരൂപായാം പ്രവൃത്തിരൂപേ മഹേ" എന്നു ലക്ഷ്മീപുരം (വ്യാഖ്യാതാവ്) വ്യാഖ്യാനിക്കുന്നു. കാമദേവപൂജാനന്തരമായ ഒരു ഉത്സവം മുൻ കാലത്തു നടന്നുവന്നിരിക്കണം എന്നു വിചാരിക്കേണ്ടിയിരിക്കുന്നു

കാളിദാസമഹാകവി ശാകുന്തള (അം. ൬) ത്തിൽ പ്രതിപാദിക്കുന്ന വസന്തോത്സവവും പ്രസ്തുത കാമോത്സവവും ഒന്നുതന്നെയായിരി

ക്ഷണം എന്ന് [illegible] [illegible]. "കിം നിമിത്തം [illegible] [illegible] പതിക്ഷിതഃ" ഇത്യാദി ശ്ലോകവും നോക്കുക. പ്രസ്തുത വസന്തോത്സവത്തിലും പുഷ്പാപചായത്തെ പ്രതിപാദിക്കുന്നു.

ഗ്രാമത്തിൽ......തിരക്കിൽ [illegible] [illegible] സ്ത്രീകളും അവരുടെ [illegible] ചേർന്ന് അതിനിടയ്ക്കു വച്ചു [illegible] പൂപറിക്കുന്നതായ തിരക്കിൽ. തിരക്കിൽ ഉത്സവ[illegible] [illegible] സ്ത്രീകളും [illegible] [illegible] പൂവ് [illegible] [illegible] [illegible] [illegible] തിരക്കണമായി എന്നു ഭാവം. ധീരനായ്......നന്ന് [illegible] [illegible] [illegible] [illegible] [illegible] [illegible] കണ്ണിൽ [illegible] പറഞ്ഞു കൊടുത്തിട്ട് അന്നേരം......കേറിനിന്നു ആ സമയത്തു [illegible] [illegible] [illegible] [illegible] അന്ന് [illegible] [illegible] രതികേളി, കാമോത്സവകാലത്ത്. [illegible] സ്ത്രീകളെ [illegible] [illegible] ഗ്രാമത്തിൽ [illegible]. [illegible] പുഷ്പാപചായ[illegible] [illegible] [illegible]. പൂവ് പറിക്കുന്നതിനു [illegible] സാമർത്ഥ്യം എനിക്കുണ്ടല്ലോ. ഞാൻ [illegible] പൂപറിക്കാം. അതല്ല എനിക്കതു സാമർത്ഥ്യം. എന്നിങ്ങനെ [illegible] [illegible] [illegible]. അപ്പോൾ [illegible] [illegible] [illegible] [illegible] [illegible] [illegible] ([illegible] [illegible]) [illegible] [illegible] [illegible] [illegible] [illegible] [illegible] കയറി. [illegible] എന്നു ഭാവം. ഇവിടെ "[illegible]" "[illegible]" വ്യംഗ്യം. ഉടനടി [illegible]. "[illegible] പുഷ്പാപചായ[illegible]" എന്ന [illegible] "[illegible] [illegible] [illegible] [illegible] [illegible]" എന്ന [illegible]. അലങ്കാരം [illegible].

[illegible]
[illegible] ||
[illegible]
[illegible] || [illegible] ||

കണ്ടാലും നീയെനിക്കോ മതിയതുവിധം
പ്രീതിയീനല്പതൊണ്ടി-
ച്ചുണ്ടാലെന്നിത്രയെൻചൊൽവഴി കലുഷനില-
യ്ക്കായ നേത്രോല്പലം നീ
ഉണ്ടാക്കുന്നു കിളിക്കുന്നുമുഴുവനര-
ക്കുത്തെല്ലിതെന്നാന്തരാസം
കൊണ്ടാളീവക്ത്രവക്രങ്ങളിലുത്തരമ-
ന്നെങ്കസ്ത്യമായ് ചാച്ചതില്ലേ? ||വൃ||

ശ്ലോ. വൃ. നായകൻ വനശ്രീയെ ചൂണ്ടിക്കാണിച്ചുകൊണ്ടു നായികയോടു (മുൻപു ഉണ്ടായ കഥ ഓർമ്മയോടുകൂടി) പറയുന്നു എന്നു ഇവിടെ സൂചിപ്പിക്കുന്നു.

കണ്ടാലും നീ കണ്ടാലും. എനിക്കോ........ച്ചുണ്ടാൻ എനിക്കോ മതിയതുവിധം ഈ നല്പതൊണ്ടിച്ചുണ്ടാൻ പ്രീതി എന്നു അഭിപ്രായം. എനിക്ക് നീ എന്നപോലെ ഈ [illegible] ഇഷ്ടമായ തൊണ്ടിച്ചുണ്ടാൻ ഈ വിശേഷണം വനശ്രീക്കും നായികയ്ക്കും യോജിക്കുന്നു. തൊണ്ടിപ്പഴം പോലെ ചുവന്ന ചുണ്ടോടുകൂടിയവൾ എന്നു നായികാപക്ഷത്തിലും [illegible] ചുണ്ടോടുകൂടിയവൾ എന്നു വനശ്രീപക്ഷത്തിലും അർത്ഥം. പ്രീതി ഇഷ്ടം, രാഗം എന്നും. എന്നിത്രയെൻ......നീ നീ എന്നിത്രയെൻ ചൊൽവഴി കലുഷനിലയ്ക്കായ നേത്രോല്പലം എന്നു അഭിപ്രായം. ഇത്രമാത്രം ഞാൻ പറഞ്ഞപ്പോൾ, [illegible] കലങ്ങിയ കണ്ണുകളോടു. ഞാൻ വാക്യം മുഴുവനാക്കിയില്ല. ഈ തൊണ്ടിച്ചുണ്ടാൾ എനിക്ക് ഇഷ്ടമെന്നു എന്നു വരെയ്ക്കുമാത്രമേ പറഞ്ഞുള്ളൂ. അപ്പോഴേക്കും മറ്റൊരു സ്ത്രീയെ, ഇവളെ ഇഷ്ടമെന്നു പറയുന്നു എന്നു വിചാരിച്ചു കോപംകൊണ്ടു നിന്റെ കണ്ണു കലങ്ങി എന്നു ഭാവം. ഇവിടെ നായികയുടെ സാപത്ന്യസംശയം ധ്വനി. ഉണ്ടാക്കുന്നു......നരയ്ക്കു കിളിക്കു ഉണ്ടാക്കുന്നു എന്നു മുഴുവൻ ഉരയ്ക്കു എന്നു അഭിപ്രായം. കിളിക്കു ഉണ്ടാക്കുന്നു എന്നു മുഴുവനും പറഞ്ഞപ്പോൾ, വാക്യം പൂർത്തിയാക്കിയപ്പോൾ, എന്നു ഭാവം.

ആഭരണങ്ങളോടുകൂടിയ വനം കിളിയ്ക്കു സന്തോഷമുണ്ടാക്കരുള്ള. തെളിഞ്ഞൊന്നു പൊരുന്ന കോപത്തിൽ മനസ്സുതെളിഞ്ഞു സപത്നിയെപ്പറ്റിയല്ല പറയുന്നതെന്ന് അറിഞ്ഞപ്പോൾ, മനസ്സിന്റെ സമാധാനവും സന്തോഷവും ഉണ്ടായി എന്നു ഭാവം. ഹാസം......ങ്ങളിൽ ഹാസത്തോടുകൂടിയ സഖികളുടെ മുഖങ്ങളിൽ. കൊണ്ടെളി എന്ന ഭാഗത്തിൽ കൊണ്ടു—ഉളി എന്നു പദച്ഛേദം. കൊണ്ടു ഉളി എന്നും പദം ഉറിയ്ക്കാം. എന്നാൽ ഇവിടെ അത്ര പറഞ്ഞ [illegible]. ഹാസം നായികയ്ക്കു പറ്റിയ വിഡ്ഢിത്തം കണ്ടു സഖികൾ പരിഹസിച്ചു എന്ന് ഭാവം. ഉത്തര......ത്തില്ല പൂർവാർദ്ധവാക്യത്തിലെ [illegible] ഇവിടെ കർമം. ലജ്ജയോടും അസൂയയോടും കൂടി നീ സഖികളുടെ മുഖത്തു നോക്കിയിട്ട് ലജ്ജ തനിക്കുപറ്റിയ വിഡ്ഢിത്തം സഖികൾ മനസ്സിലാക്കിയല്ലോ എന്ന വിചാരം ലജ്ജയ്ക്കു കാരണം. [illegible] പ്രിയതമനോടു കോപിക്കുവാൻ ഇടയായല്ലോ എന്ന വിചാരവും ലജ്ജയ്ക്കു ഹേതുവാകാം. ഈർഷ്യ അസൂയ. സഖികൾ പരിഹസിക്കുന്നതു് അസൂയയ്ക്കു കാരണം. ഇത്രയും കാലത്തെ പരിചയമുണ്ടായിട്ടും നായികയ്ക്കു പ്രിയതമന്റെ [illegible] മനസ്സിലാക്കുവാൻ കഴിഞ്ഞില്ലല്ലോ എന്നു വിചാരിച്ചു സഖികൾ പരിഹസിക്കയാൽ അവരോടു തോന്നുന്ന അസൂയ എന്നു ഭാവം. ഞാൻ പരസ്ത്രീയെക്കുറിച്ചു പറയുന്നതു [illegible], [illegible] നീ [illegible]. അപ്പോൾ ഞാൻ [illegible]. ആ സമയം [illegible] മനസ്സിലാക്കി [illegible] സഖികളെ നോക്കുകയും ചെയ്തു എന്ന് ഭാവം. ഇപ്രകാരം മുൻപ് ഒരു ദിവസം സംഭവിച്ചതു് ഓർമ്മയുണ്ടാവും. അലങ്കാരം പര്യായം.

പര്യായോ യദി പര്യായേ-
[illegible]

എന്നു ലക്ഷണം.

ക്രീഡാരോഷേ കിമപി കലഹം [illegible]
[illegible] ||
അന്തർലീനാം [illegible]
[illegible] || [illegible] ||

ക്രീഡാശൈലത്തിലെതാ കലഹകലുഷിതാ നടി-
ച്ചാളുമദ്ധ്യത്തിൽനിന്നി-
ട്ടുധാടോപം ഗൃഹം പൂകിട്ടമല്ലുവയി ഞാൻ
പിന്നുടനെന്നതിട്ടവോരം,
ഗൂഢം നീ പോയ് ലതാമണ്ഡപമണയവെ നി-
ന്നിഷ്ടനായിട്ടുകൽ
കൂട്ടന്നോ... കണ്ണൻ മയിൽ ... വൻ-
പീലിയാൽ മൂടിയില്ലേ? ‖ വ്യ. ‖

ശ്ലോ. വ്യ. ക്രീഡാശൈല.....നടിച്ചു [illegible] ഞാൻ [illegible]. ക്രീഡാശൈലം [illegible] പർവ്വതം [illegible] ക്രീഡാശൈലം

[illegible]

ക്രീഡാശൈല [illegible]

എന്ന് [illegible] "ക്രീഡാശൈല [illegible]" എന്നും "ക്രീഡാശൈല [illegible]" എന്നും [illegible]. [illegible] നടിച്ചു [illegible]. [illegible] മദ്ധ്യ.....പൂകിട്ടമല്ലുവ്യ [illegible] ഞാൻ.....തിട്ടവോരം [illegible] ഗൂഢം.....മണയവെ [illegible] നിന്നിഷ്ട...മൂടിയില്ലേ [illegible] ലതാമണ്ഡപം [illegible]. നിന്നിഷ്ടൻ [illegible]

ഇഷ്ടമുള്ളു. എന്നോട്ട് ഇല്ല. അല്ലെങ്കിലും എന്നോട്ട് ഇഷ്ടമുണ്ടെങ്കിൽ ഇപ്രകാരം ചെയ്കയില്ല എന്ന ഭാവം. കള്ളൻ വഞ്ചകൻ. നിന്നെ എന്റെ കണ്ണിന്റെ മുൻപിൽനിന്നു മറച്ചവൻ. വാത്സല്യാധിക്യദ്യോതകം. വൻപീലി പീലികളുടെ സമൂഹം എന്നി. ഒരു ദിവസം ക്രീഡാശൈലത്തിൽവെച്ച് എന്നോടു കളിച്ചുകൊണ്ടിരിക്കെ നീ ഗൃഹത്തിലേക്കു പുറപ്പെട്ടു ഇടയ്ക്കു ലതാഗന്ധപത്തിൽ കയറി മറഞ്ഞിട്ടു. ഞാനും പുറകെ അന്വേഷിച്ചു വന്നു. അപ്പോൾ നിന്റെ ഇഷ്ടനായ മയിലു ലതാഗന്ധപത്തിന്റെ വാതുക്കൽ വന്നു് അതിന്റെ പീലി മുഴുവനും വിടർത്തി അതുകൊണ്ടു നിന്നെ എനിക്കു കാണ്മാൻ പാടില്ലാത്തവിധം മറച്ചു. ഈ സംഗതി ഓർമ്മിക്കണമെന്നു എന്നു ഭാവം. അതിമനോഹരമായിരിക്കുന്ന ഒന്നാണ് ഈ അഭിജ്ഞാനം. അടുത്ത പദ്യത്തിലെ ഇതിന്റെ സ്വാരസ്യം പൂർത്തിയാകുകയുള്ളൂ.

> ഉഭയോരേവ സ്ഫുരിതലളിതം ഭ്രമതാ നൃത്തപാദൈ
> വ്യത്യാസേന ക്ഷണമവഹതേനാശ്രുണാ കണ്ഠരോധം ॥
> ആർദ്രേ പുഷ്പാകരമധികവിതതാശേഷരാമോദഹാരേ-
> ചാരേ പാദോ സ്വചിരമകരോദന്യതമാനിർഗമേന ॥ വൃത്ത ॥

> പിന്നീടും ശംഗിയായിട്ടവനിയിലടിവെ-
> ക്കുന്നതാളത്തിനൊപ്പി-
> ച്ചുന്നീടുംതാഴ്ത്തലുംപൊക്കലുമുടയനിറം–
> കൊണ്ടകണ്ഠത്തിനോടും
> മിന്നീടും നീണ്ട നൽപീലികളുയരെവിടു-
> ർത്തിട്ടവൻ ദ്വാരമാർഗ്ഗേ
> നിന്നീടുംവണ്ണമേ ഞാനൊമതിൽവെളിയിലിറ-
> ങ്ങുംവരെത്തേടിയില്ലേ? ॥ വൃത്ത ॥

ശ്ലോ. വൃത്ത. പിന്നീടും......യായിട്ട പിന്നീട് എന്നു മതി. 'ഉം' ഛന്ദോഭംഗപരിഹാരാർത്ഥം ചേർത്ത പദം. ഞാൻ ലതാഗന്ധപത്തിൽ പ്രവേശിച്ചതിനുശേഷം നന്നായി ശംഗിയായിട്ട സ്ഫുരിതലളിതം എന്ന മൂലത്തിന്റെ ഭാഷ. ഓരോ അവയവംകൊണ്ടും അതാതു വികാരവിശേഷങ്ങളെ പ്രദർശിപ്പിച്ചുംകൊണ്ടു എന്നു 'സ്ഫുരിതലളിത'ത്തിന് മനോവേദ്യാർത്ഥ്യം.

സുകുമാരാംഗവിഗളൽപടഃ
സ്ഥൂലനേത്രാധരക്രിയഃ

എന്ന (രത്നാകരം) ലക്ഷണത്തിന്റെ ലക്ഷണം. അവനിയി...... കണ്ണുനീരോട്ടം ഭൂമിയിൽ ചവുട്ടുന്ന താളം അനുസരിച്ചു കണ്ണു പൊത്തിയും തഴുകിയുംകൊണ്ട് നിറംകൊണ്ട കണ്ണുപൊത്തുന്നതും തഴുകുന്നതും കണ്ടവരുള്ള ഭംഗി ധ്വനി. മിന്നീടും.....വിട്ടത്തിട്ട മിന്നുന്നതും നീലമേഘവുമായ പീലികളും വിടർത്തിയിട്ട് അവൻ ചാരമാഗേ ആ മയിലു [illegible] പാദങ്ങൾ നിന്നീടുംവണ്ണമാം ഭിപ്പുനവിധത്തിൽ നൃത്തംകൊണ്ട നേരമതിൽ ......ടിയില്ലേ നമ്മം [illegible] പൂവും വരുന്നുവരള്ളൂ തുടിയില്ലു [illegible] നോക്കും നമ്മൾ–ഭാവ്യം. "[illegible] സ്മരമാശു കാന്തയാ [illegible] മേ" എന്ന (മേഘം. ഉ. ൩൦.) വാക്യത്തിന്റെ ഛായ.

ഭൂമിയു [illegible]–
പ്രചലിത [illegible] ത്യം
[illegible] ത്യമാനം
സുതമിവ മനസാ [illegible] സ്മരാമി.

എന്ന് (മ. രാ. ചരിതം) ഉദ്ധൃതം. അലങ്കാരം സ്വഭാവോക്തി.

സർവ്വാതിശ്ലേ സരസി സലിലക്രീഡിതേ [illegible]–
[illegible] ||
[illegible]–
[illegible] || ൫൪ ||

സർവ്വാതിശ്ലക്ഷണത്തിൽസ്സുരസമൊരുജല–
ക്രീഡചെയ്യുന്നനേരം,
സർവ്വാംഗം മുങ്ങി ഞാൻ പൊങ്ങിടുമിടയിൽ വധൂ–
മണ്ഡലത്തിന്റെ ഗന്ധം

ചൊവ്വായ് രോമാഞ്ചമേല്ലാറ്റിലുമതിലധികം
കള്ളി! കൺവെച്ചതില്ലേ?
ദ്വാരം ശങ്കയുണ്ടീസ്സിവനിതു സഖിമാർ
ചൊല്ലി ഞാൻ കേട്ടിരിപ്പൂ. ||൮൪||

വ്യാ. ൮൪. സ്വ്വാതിഥ്യ......നേരം നന്ദനം സ്വാതിഥ്യം എന്ന പേരായ കുളത്തിൽ സന്തോഷത്തോടുകൂടി ജലക്രീഡചെയ്യുന്ന സമയത്തു സർവ്വാംഗം......മിളയിൽ ഞാൻ ശരീരം മുഴുവനും വെള്ളത്തിൽ മുക്കി പിന്നീട പൊങ്ങുന്നതിന്നിടയ്ക്കു വധൂ....ഗണ്ഡം കൂടെ ക്രീഡിക്കുന്ന മററു സ്ത്രീകളുടെ കവിളിൽ ചൊവ്വായ്...... മേല്ലാറ്റിലും നേരെ രോമാഞ്ചം ഉണ്ടായില്ല. എങ്കിലും, മുങ്ങുന്ന സമയത്തു ഞാൻ മററു സ്ത്രീകളുടെ അംഗത്തിൽ സ്പർശിക്കുകയും അതിന്റെ ലക്ഷണമായി അവരുടെ കപോലങ്ങളിൽ രോമാഞ്ചമുണ്ടാകുകയും ചെയ്തില്ല. എങ്കിലും എന്നു് അഭിപ്രായം. അതിൽ...... വച്ചതില്ലേ അവരുടെ കവിളുകളിൽ രോമാഞ്ചമുണ്ടാകുന്നുണ്ടോ എന്ന കള്ളിയായ നീ പ്രത്യേകം സൂക്ഷിച്ചുനോക്കിയില്ലേ. ശങ്കയ്ക്കു് അവകാശമില്ലെങ്കിലും നീ ശങ്കിച്ചു് അങ്ങനെ ചെയ്തു എന്ന ഭാവം. കള്ളി ഞാൻ അറിയാതെ കളവുകാണിച്ചവൾ എന്ന വ്യംഗ്യം. ദ്വാരം..... കേട്ടിരിപ്പൂ ഇപ്പിവന്ന ദർവ്വാരം ശങ്കയുണ്ട്. ഇതു ഞാൻ സഖിമാർ ചൊല്ലിക്കേട്ടിരിപ്പൂ എന്നു് അന്വയം. ഇത എനിക്കു് അധികം ഭയമുണ്ടു്. ഈ സംഭവം സഖിമാർ പിന്നീട പറഞ്ഞു ഞാൻ അറിഞ്ഞിരിക്കുന്നു. സഖിമാർ ചൊല്ലി ഞാൻ ജലത്തിൽ മുങ്ങിക്കിടന്ന സമയത്തു, നീ മററു സ്ത്രീകളുടെ കപോലങ്ങളിൽ നോക്കിയതു് എങ്ങനെയറിഞ്ഞു എന്ന ചോദ്യത്തിന്ന സമാധാനം.

ഭിന്നം മദ്ധ്യം കിസലയപുടോല്ലേഖ്യരേഖാങ്കയന്ത്യോ-
ല്ലഷ്ടാരാത്രം കുസുമമമ്ളിനാ സ്യാൽ കദാചിൽ വസന്തഃ ||
ഇത്യുൽക്കണ്ഠാഗിരി മയി ജനേ ത്വൽഗതേ ത്വാം സഖീനാം
സ്മിത്വാ ലജ്ജാം മുഖമനയസ്സ്വാചി തത്താമ്രഗർഭം || ൮൫

കാമം തേനേററലിഞ്ഞാത്തളിരൊളിനടുവേ
    നിന്നശോകക്കൊടിസ്ത്രീ-
യോമൽച്ചെമ്പൂവു വണ്ടേററിട്ടമരിയവസ-
    ന്തം വരുംകാലമെന്നോ
ഇത്ഥമൊട്ടാശിച്ചു ഞാൻ ചൊന്നളവു സഖിമാ-
    രെണ്ണിനോക്കവെയാരം നാണി-
ച്ചോമൽത്താംബൂലമൂകംകൊണ്ടണിഹസിതമുഖം
    തന്വി നീ താഴ്ത്തിയില്ലേ? ॥൮൭॥

ശ്ലോ. ൮൭. കാമംതേ......കാലമെന്നോ തളിരൊളിനടുവേനിന്ന കാമംതേനേററലിഞ്ഞ ആ അശോകക്കൊടിസ്ത്രീയോമൽച്ചെമ്പൂവു വണ്ടു ഏററിട്ടമരിയവസന്തംവരുംകാലമെന്നോ എന്നു് അന്വയം. തളിരുകളുടെ നടുവിൽനിന്നു് അധികമായി തേൻ വീണു നനഞ്ഞതായ അശോകവൃക്ഷത്തിന്റെ മാഘിയമായിച്ചുവന്ന പുഷ്പത്തെ എന്നാണു വണ്ടു് ആസ്വാദിക്കുന്ന വസന്തകാലം വന്നുചേരുന്നതു്. വസന്തകാലത്തു് അശോകം പൂക്കുന്നു എന്നും വണ്ടു പൂവിലെ തേൻ ആസ്വാദിക്കുന്നു എന്നും പ്രസിദ്ധം. ഇത്ഥമൊട്ടാ......ന്നളവു ഞാൻ ആശിച്ചു ഇത്ഥമൊട്ടു ചൊന്നളവു് എന്നു് അന്വയം. ഞാൻ ഇച്ഛയോടുകൂടി ഇപ്രകാരം പറഞ്ഞപ്പോൾ ആശിച്ചു നായികാസമാഗമത്തിൽ ആഗ്രഹത്തോടുകൂടി ആ സഖിമാരെണ്ണിനോക്കവെയാരം സഖിമാർ ആയു എണ്ണിനോക്കുന്ന സമയത്തു് എണ്ണിനോക്കുക ഇപ്പോഴത്തെ ഋതു ഇന്നതു്, അടുത്തു വരുന്നതു് ഇന്നതു്, അതിനടുത്തതു് ഇന്നതു്, എന്നിങ്ങനെ ഋതുക്കളെ എണ്ണി (വിചാരിച്ചു) നോക്കിയപ്പോൾ നാണിച്ചോ......താഴ്ത്തിയില്ലേ തന്വി! നീ ഓമൽത്താംബൂലമൂകംകൊണ്ടണിഹസിതമുഖം നാണിച്ചു താഴ്ത്തിയില്ലേ. അല്ലയോ സുന്ദരി! നീ ഉള്ളിൽ താംബൂലത്തോടുകൂടിയതും മന്ദഹാസംകൊണ്ടു ശോഭിക്കുന്നതും ആയ മുഖം ലജ്ജിച്ചു താഴ്ത്തിയില്ലേ? ഞാൻ പറഞ്ഞതിന്റെ സാരം നിനക്കു മനസ്സിലായി. ഒന്നിച്ചു ലജ്ജിച്ചു മുഖംതാഴ്ത്തുവാൻ കാരണം എന്തു ഉണ്ടാവും. ഞാൻ വാസ്സ്യത്തിൽ ആളിരിക്കുന്നേടം വരണ്ടിന്നേ

യും വസന്താരത്തെയും മററും പററിയല്ല പറഞ്ഞതു്. നിന്റെ അധര ശോഭിതമായ മുഖത്തുനിന്നു ചർവ്വണംകൊണ്ടു് ആർദ്രമായ താംബൂലം ഗ്രഹിക്കുന്നതിനു് അനുകൂലമായ കാലം എപ്പോഴും വരുമെന്നാണു ഞാൻ പറഞ്ഞതിന്റെ ആശയം. ഗൂഢകളായ സഖികൾക്കു ഞാൻ പറഞ്ഞതി ലടങ്ങിയിരിക്കുന്ന കളവു മനസ്സിലായില്ല. ഹസിതം നായകന്റെ വാക്ചാതുര്യ്യം നായികയ്ക്കു ഹാസത്തിനു മൂലം എന്നു ഭാവം. കാമുക ന്മാർ മുഖത്തിൽനിന്നു താംബൂലം, ആസവം മുതലായവ പരസ്പരം (മാറി) ഗ്രഹിക്കുന്നതു പ്രേമമാഹാത്മ്യം എന്നു പ്രസിദ്ധം.

സാത്വികൈകമദകാരണം തദാ–
മസ്തു ഞങ്ങളിലെഴുന്നതംഗനാഃ
താമിരപ്പുപരിപ്ലുതം മുഖാസവം
ശോഭിതാൽ ഭകലതുല്യമോദതെ

എന്നു് നൈഷ. (സ. ൧൬) കളിമ്, പൂവു്, വണ്ടു്, വസന്തം എന്നിവ യുടെ സ്ഥാനത്തു് അധരം, താംബൂലം, നായകൻ, അനുകൂലകാലം എന്നിവ ഗ്രാഹ്യം. അലങ്കാരം രൂപകാതിശയോക്തി.

രൂപകാതിശയോക്തിസ്സ്യാ–
ന്നിഗീര്യാദ്ധ്യവസാനതഃ

(കുവല) എന്നു ലക്ഷണം.

പ്രസ്തുതപദ്യത്തോടുകൂടി സ്വീയാനുരാഗപ്രകടനാന്തർഗ്ഗതമായ അഭി ജ്ഞാനപ്രകരണം അവസാനിക്കുന്നു. നായകനും നായികയ്ക്കും (സഖി കൾക്കും) മാത്രം അറിയാവുന്ന ഗൂഢകാര്യങ്ങളാണു് അഭിജ്ഞാനമായി പ്രതിപാദിക്കുന്നതു്. നായകൻ പറയാതെ അവയെപ്പററി ദൂതനു് അറി യുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് അഭിജ്ഞാനവാക്യം കേൾക്കു മ്പോൾ, ദൂതൻ നായകൻ പറഞ്ഞയച്ചു വന്ന ആൾതന്നെ എന്ന വിശ്വാ സം നായികയ്ക്കു് ഉണ്ടാകുന്നു. ഇതാണു് അഭിജ്ഞാനത്തിന്റെ പ്രയോ ജനം. സീതയ്ക്കു താൻ രാമദൂതൻതന്നെ എന്ന വിശ്വാസം വരുത്തുന്ന തിനു (വാ. രാ.) ഹനുമാനും അഭിജ്ഞാനങ്ങൾ പറയുന്നുണ്ടു്.

മേഘസന്ദേശത്തിൽ ഒരു അഭിജ്ഞാനമേ കാളിദാസൻ പ്രതിപാ ദിക്കുന്നുള്ളൂ. ശുകസന്ദേശത്തിൽ അതിന്റെ സ്ഥാനത്തു് ആറു അഭി ജ്ഞാനങ്ങൾ ഉണ്ടു്. ലക്ഷ്മീദാസൻ ഒന്നോ രണ്ടോ മാത്രം കൊണ്ടു തൃപ്തിപ്പെടുന്നില്ല. അവ ഓരോന്നും അതിമനോഹരവും അത്യന്തം സംഭാവ്യവുമായിട്ടുണ്ടെന്നും കാണാം. ആദ്യത്തെ

വിചാരിച്ചാൽ, മേഘദൂതം അനുകരിച്ച ശുകത്തിൽ കവി കല്പിച്ചു ചേർത്തിരിക്കുന്ന അഭിജ്ഞാനപ്രകരണം 'നിദ്രയിൽനിന്നു ഞെട്ടിയ പരിരംഭം' എന്നതിനെക്കാൾ ഉൽകൃഷ്ടമായിട്ടുണ്ടെന്നു പറയുന്നതിൽ അതിശയോക്തിയില്ല.

ഇത്ഥം തേഷു സ്ഫുടതരമഭിജ്ഞാനവസ്തുഷ്വപാസ്തേ-
ഷ്വാചക്ഷാണേ ത്വം കുശലിനമവിജ്ഞായ മാം മാ വിഷീദ ||
മുഗ്ദ്ധേ മൂർച്ഛാപരിചിതഘനേഷ്വേവ കാപി ക്ഷണേ വിസ്മൃതിശ്ചേൽ
സ്യാച്ച കാപി സ്മൃതിരിതി ബഹ്വന്യത്ര ത്വന്മനസ്യൂനി || ൧൦൫ ||

ഇത്ഥ്യേവം സ്പഷ്ടമായിപ്പലതരമടയാ-
ളങ്ങളും കാണിച്ചതിന്മേൽ
പ്രത്യേകിച്ചൊന്നുകൊണ്ടിട്ടിവനു കുശലമെ-
ന്നോർത്തൊഴിക്കു വിഷാദം;
മുഗ്ദ്ധേ! മൂർച്ഛാവിയോഗവ്യഥയിലിവയിലൊ-
ന്നോർമ്മയില്ലെങ്കിൽ മറെറാ-
ന്നാരംഭത്തിലൊന്നുള്ളവാനാമതിയന്തിന്നുതരം-
പോരെന്നന്തരന്നാകം. || ൧൦൫ ||

ഒററ് വൃത്തം. വിശ്വാസത്തിന് ഒരു അടയാളം, പോരേ, എന്തിന അനേകം പ്രതിപാദിക്കുന്നു എന്ന ശങ്കയ്ക്കു സമാധാനം പറയുന്നു. ഇത്ഥ്യേവം......കാണിച്ചു ഇവിടെ പറഞ്ഞവിധം അനേകം അടയാളങ്ങളും വിശദമായി വിവരിച്ചു മനസ്സിലാക്കി അതിന്മേൽ......വിഷാദം അവയിൽ പ്രത്യേകിച്ച് ഏതെങ്കിലും ഒന്നുകൊണ്ടു എനിക്കു ക്ഷേമംതന്നെ എന്നു വിചാരിച്ചു വിഷാദം കളഞ്ഞാലും. മുഗ്ദ്ധേ! മൂർച്ഛാ......ല്ലെങ്കിൽ അല്ലയോ സുന്ദരി, വർദ്ധമാനമായ വിരഹമൂർച്ഛനിമിത്തം ഇവിടെ പറഞ്ഞ അടയാളങ്ങളിൽ ഏതെങ്കിലും ഒന്നിനെപ്പററി ഓർമ്മ, ബോധം, ഇല്ലാതെ വന്നാൽ. മുഗ്ദ്ധേ! സംബുദ്ധി. സുന്ദരി, ഓർമ്മയില്ലാത്തവർക്കും അങ്ങനെ സംഭവിക്കാമെന്ന് അഭിപ്രായം. "അന്തിക്കിരിക്കുന്നവനാരെന്നതുപോലെവിധിതവസ്തുതന്നെ"(വില്ലു) മുഗ്ദ്ധ എന്ന പുല്ലിംഗസമസ്തം. 'സൌന്ദര്യം ച മാർദ്ദവമുണ്ടെന്ന തുൽകൃഷ്ടതമം. അമരം കവിവല്ലഭനു:—

അപി നാലാവ്യമർഗ്ഗീരിരത്നവ്യൂതാംഗാരകൈഃ
മൈത്രമാരണം ലജ്ജാ മാണിക്യം തു ഭൂഷണം.

ഇതി'' എന്നു നാരായണപണ്ഡിതൻ. (മല. രാ. ചരി. മാധവാത്മ ദീപിക. വ്യാഖ്യം) പറഞ്ഞിരിക്കുന്നതും ശ്രദ്ധേയമാകുന്നു. മുലയുള്ള സ്ത്രീകൾക്ക് അതിവിശിഷ്ടമായ ഒരു ഭൂഷണമാകുന്നു. സൌന്ദര്യവും മാണിക്യവും പോലെ സ്ത്രീകൾക്ക ലജ്ജയും ഭൂഷണവും ഇണങ്ങുന്നു. മററൊന്നു......മതി വേറെയൊന്നുമില്ലെങ്കിലും ഒന്നു കാണിക്കുന്നതിനു മനസ്സുകൾക്കുണ്ടാകണം. അതിനു......നേകം അനേകം അഭിജ്ഞാനങ്ങൾ പറഞ്ഞാൽ അവയെ ഒന്നിനേയും പററി ഓർമ്മയില്ലെന്നു വരുന്നതല്ല, ഒന്നുമാത്രം പറഞ്ഞാൽ ഓർമ്മയില്ലെന്നു വരാം. വിശേഷിച്ചു വിരഹവ്യാധിയിൽ മുഴുകുന്നവരെ സംബന്ധിച്ചു ഇപ്രകാരം സംഭാവ്യമാകുന്നു. അതുകൊണ്ടു പല അടയാളങ്ങളും പറഞ്ഞു. എന്നു അഭിപ്രായം. കവിയുടെ സൂക്ഷ്മ ദൃഷ്ടി സ്മരണീയമായിരിക്കുന്നു.

സന്ദേശം ഉപസംഹരിക്കുന്നു.

[illegible]
[illegible] ||
[illegible]–
[illegible] || ൧൭൦ ||

നിങ്ങൾക്കാറും നിസ്തുലതരമെന്നുമിഹ ജനമൊ–
ന്നു തമ്മിൽ പ്രിയംകൊ–
ണ്ടിങ്ങെന്നാളും ഭാവതാമായ് നിങ്ങൾക്കിതിൽ മഹിമാ–
പായമില്ലാതെയിരിക്കും;
ചിന്തം ചേർപ്പാർക്കൽ മാഴ്കം മനമൊട്ടുമിതിനാൽ
നല്ലതോ ചിത്തമായാലും–
ന്നൊന്നിനോക്കാതെയുമല്ലാൻ മൊഴി തവ സ്തുതിദ്ര–
ഘോഷ്ഠി വാഴ്ത്തിച്ചിടട്ടേ'' || വ്യ ||

വ്യാ. വ്യ. നിങ്ങൾക്കാറും......കൊണ്ടു ഇഹ ജനം തമ്മിൽ പ്രിയംകൊണ്ടു നിങ്ങൾക്കാറും നിസ്തുലരായി എന്നതും എന്നു അന്വയം. ഭവിക്കുന്നു എന്നു ക്രിയ. ഇവിടെ ചോദകജീവികൾ മനുഷ്യർ അന്യോന്യം

അനുരാഗംകൊണ്ടു നിന്നേക്കാൾ തിണ്ണം ഞാൻ എന്നു പറയുന്നു. എന്റെ ആത്മാവിനോടു നിനക്കു നിന്റെ ആത്മാവിനോടുള്ളതിൽ കൂടുതൽ സ്നേഹമുണ്ടെന്നു ജനങ്ങൾ പറയുന്നു. എന്നു ഭാവം. എന്നേക്കാൾ......നിന്നെയും ഇവിടെയും ജനം കർത്താവ്. ഓതുന്നു ക്രിയ. അതുപോലെ എന്നേക്കാൾ ഞാനായിത്തീർന്നിട്ടുണ്ട് നീ എന്നും പറയുന്നു. എനിക്കു നിന്റെ ആത്മാവിനോടു എന്റേതിനോടുള്ളതിനേക്കാൾ സ്നേഹമുണ്ടെന്നു പറയുന്നു. എന്നു ഭാവം. ശരീരം കൊണ്ടു മാത്രം തമ്മിൽ പേർ; ആത്മാവുകൊണ്ടു ഒരാൾ; എന്നീവിധം നമ്മെപ്പററി ലോകം ഗണിക്കുന്നു. ഇതിൽ.....ഭേദം മദിരാപാംഗി! ഇതിൽ ഭേദം ലേശം ഇല്ല എന്ന് അഭിപ്രായം. അല്ലയോ സുന്ദരി! ഞാൻ ഇതു പറഞ്ഞതിന്നു അല്പവും വ്യത്യാസമില്ല. മദിരാപാംഗി! മദിരപോലെ കാമുകന്മാരെ മദിപ്പിക്കുന്ന അപാംഗങ്ങളോടുകൂടിയവളേ, കടാക്ഷംകൊണ്ടു അധികം വ്യാമോഹം ജനിപ്പിക്കുന്നവളേ. മദിര മദ്യം, കടാക്ഷം ഏറ്റവും ഭംഗിയുള്ള എന്നു ഭാവം. ഭേദം വേർപാട്, വ്യത്യാസം.

ഭേദോ ദ്വൈധേ വിശേഷേ സ്യാ—
ദുപജാപേ വിദാരണേ

എന്നു വിശ്വം. ചിന്നം വേർപാടിൽ......മിതിനാൽ ഇതിനാൽ ചിന്നം വേർപാടിൽ മിഴ്ച്ചം മനമൊട്ടു എന്ന് അഭിപ്രായം. ഇതുകൊണ്ടു വിരഹവിന്നമായ സന്ദേശംകൂടി മനം മനസ്സ്. "സുഖാദ്യുപലബ്ധിസാധനമിന്ദ്രിയം മനഃ" എന്നു (ത. സം.) താർക്കികന്മാർ. സുഖദുഃഖാദികളുടെ അനുഭവത്തെ ജനിപ്പിക്കുന്ന ഇന്ദ്രിയം. ഇതിനാൽ നമ്മളുടെ രണ്ടുപേരുടെയും ലോകം അതേമാതിരി ഗണിക്കുന്ന നിലയിൽ. നല്ലതോ......മൊഴി ഭംഗിയോടും അർത്ഥത്തോടുംകൂടിയതോ അതോ അങ്ങനെയല്ലാത്തതോ എന്നൊന്നും വിചാരിക്കാതെ പറയുന്നതായ എന്റെ വാക്ക്. ധൃഷ്ടതയോടുകൂടി പറയുന്നതാകയാൽ എന്റെ വാക്കിനെ സംബന്ധിച്ച സാധുത്വം വിചാരം ചെയ്യേണ്ടതില്ലെന്നു ഭാവം. തവ......വായ്പിച്ചീടട്ടേ നിന്റെ ധൈര്യമാകുന്ന പാലാഴിയെ വർദ്ധിപ്പിക്കട്ടെ. എന്റെ വാക്കുകേട്ടു നിനക്ക് അധികമായ ധൈര്യം ഉണ്ടാകട്ടെ.

ഇത്ഥം ന്യസ്തം ത്വയി മമ വചസ്തത്ര ഗത്വാ ഗൃഹിണ്യൈ
വിശ്രാമേണ്യൈവം ശ്രവണസുഭഗം ശംസ ഗത്വാ യഥേഷ്ടം ॥
നാഹം യാചേ മമ ഗമനാവധ്യപരമന്യത്ര യാത്രാം
യന്മന്യന്തേ സ്ഥിതിരപി മതാ സ്വൈരസഞ്ചാരിണാം വഃ ॥ ൮൮ ॥

എന്നേവം തന്നിലേല്പിച്ചൊരു മമ മൊഴിതാ-
നങ്ങുചെന്നെൻപ്രിയയ്ക്കാ-
യൊന്നോതിക്കൊൾക കണ്ണാളുതനിലയിലുടൻ
തന്നെ പോകാം യഥേഷ്ടം;
പിന്നേയും ഞാൻ നടന്നെത്തിടുമതുവരെയാ-
ട്ടികളിൽ നില്ക്കാനലട്ടി-
ല്ലൊന്നേറെ സ്വൈരചാരിക്കൊരിടമതിലിരി-
പ്പിഷ്ടമാകില്ലയല്ലോ. ॥ ൮൮ ॥

ശ്ലോ. ൮൮. നായികയെ സന്ദേശം അറിയിച്ചാൽ പിന്നെ ഭൂതന യഥേഷ്ടം പോകാമെന്നു പറയുന്നു. എന്നേവം.....ചെന്ന് ഇപ്രകാരം ഞാൻ എന്റെ പ്രിയതമയോടു പറയുന്നതിനു നിന്നെ പറഞ്ഞേല്പിച്ച വാക്ക്, സന്ദേശം, നീ ഇക്കണ്ണാളതിലകണ്ടു ചെന്നു എൻപ്രിയയ്ക്കാ.... നിലയിൽ എൻപ്രിയയ്ക്കായ് ഒന്നു കണ്ണാളുത നിലയിൽ ഓതിക്കൊൾക എന്നു അഭിപ്രായം. എന്റെ പ്രേയസിക്കു കണ്ണാളുതമാകുന്ന മട്ടിൽ പറഞ്ഞുകൊടുത്താലും. അതുകൊണ്ടുപോലെ അവളുടെ കണ്ണുകൾ കളിപ്പിക്കുന്നതായിരിക്കും എന്റെ സന്ദേശം എന്നു ഭാവം. ഉടൻ...യഥേഷ്ടം അവളോടു പറഞ്ഞുകഴിഞ്ഞാൽ ഉടനെ തന്നെ നിനക്കു നീ ആഗ്രഹിക്കുന്ന സ്ഥലത്തേയ്ക്കു പോകാം. പിന്നേയും ഞാൻ......നലട്ടില്ല പിന്നെയും, ഞാൻ നടന്നു അവിടെ എത്തിച്ചേരുന്നതുവരെ അവളെ സമാശ്വസിപ്പിച്ചുകൊണ്ടു നീ അവിടെ തന്നെ താമസിക്കണമെന്നു പറഞ്ഞു, നിന്നെ ഉപദ്രവിക്കുന്നില്ല. ഒന്നേറെ......യല്ലോ തോന്നുന്നതുപോലെ എല്ലായിടത്തും സഞ്ചരിക്കുന്ന സ്വൈരചാരികൾക്കു ഒരു സ്ഥലത്തുതന്നെ താമസിക്കുക എന്നതു് ഇഷ്ടമായിരിക്കയില്ല, നിശ്ചയം. അതുകൊണ്ടു ഞാൻ വീണ്ടും അവിടെ താമസിക്കുന്നതിനു നിന്നോടു പറയുന്നില്ല എന്നു ഭാവം.

ഏവം സഖ്യാ മയി വിശരണേ സംശ്രിതേ പ്രാണരക്ഷാം
സമ്പാദ്യ തല്പ്രണയകരുണാപൌരുഷാണി പ്രഥന്താം ॥
സ്വപ്നേപ്യേവം പ്രിയജനവിയോഗാർത്തിമപ്രാപ്നുയാർമന്ദ
ഭാഗ്യസ്തൂർണ്ണം ഭവതു ച പുനർദർശനാനന്ദലക്ഷ്മീഃ ॥ വ്വൻ ॥

ഈവണ്ണം വേഴ്ചയായിച്ചിരമശരണനായ്-
ത്തന്നെ വന്നാശ്രയിച്ചെൻ-
ജീവൻ കാത്തങ്ങു സഖ്യം, കനിവു, വിരുതിതൊ-
ക്കെ പ്രസിദ്ധപ്പെടട്ടേ;
ഏവം സ്വപ്നത്തിലും തൻ പ്രിയവിരഹവികാ-
രാർത്തി തട്ടാത്ത നേരം-
ക്കാവൂ വേഗാൽ സ്സഖേ കിട്ടണമിനിയരികിൽ-
ക്കണ്ട സന്തോഷപൂരം. ॥ വ്വൻ ॥

ശ്ലോ. വ്വൻ. പ്രമേയത്തെ ഉപസംഹരിച്ചു യഥോചിതം ആശീർവ്വാദം ചെയ്തു ശുകൻറെ പുനർദർശനം പ്രാർത്ഥിക്കുന്നു. ഈവണ്ണം...... ന്നാശ്രയിച്ചെൻ ഇപ്രകാരം ഇഷ്ടനും മറ്റൊരു ആശ്രയം ഇല്ലാത്തവനും നിന്നെ വന്നു ആശ്രയിച്ചവനുമായ എൻറെ വേഴ്ച ഞാനും നീയും തമ്മിലുള്ള വാക്കു പറഞ്ഞപ്പോൾതന്നെ വേഴ്ചക്കാർ, സ്നേഹിതന്മാരായിക്കഴിഞ്ഞു എന്നു് ധ്വനി.

സതാം ഹി യൽ സന്നതഗാത്രി സംഗതം
മനീഷിഭിസ്സാപ്തപദീനമുച്യതേ

(കുമാരസംഭവം. സ. ൫) എന്ന ശാസ്ത്രം. അതുകൊണ്ടു് എൻറെ ദുഃഖപരിഹാരം നിൻറെ കൃത്യങ്ങളിലൊന്നായിത്തീർന്നിരിക്കുന്നു.

ദർശിതാനി കളത്രാണി ഗൃഹേ ഭുക്തമശങ്കിതം
കഥിതാനി രഹസ്യാനി സൌഹൃദം കിമതഃ പരം

എന്നു് സൌഹൃദസ്വഭാവം. തന്നെ വന്നാശ്രയിച്ചു ആശ്രിതരക്ഷണം മഹാജനധർമ്മമാകുന്നു എന്നു് അഭിപ്രായം.

ആർത്തോ വാ യദി വാ ദൃപ്തഃ പരേഷാം ശരണം ഗതഃ
അരിഃ പ്രാണാൻ പരിത്യജ്യ രക്ഷിതവ്യഃ കൃതാത്മനാ

സ ചേൽ ഭയാദ്വാ മോഹാദ്വാ കാമാദ്വാപി ന രക്ഷതി
സ്വയാ ശക്ത്യാ യഥാന്യായം തത്പാപം ലോകഗർഹിതം

വിനഷ്ടഃ പശ്യതസ്തസ്യ രക്ഷിണഃ ശരണം ഗതഃ
ആദായ സുകൃതം തസ്യ സർവ്വം ഗച്ഛേദരക്ഷിതഃ
ഏവം ദോഷോ മഹാനത്ര പ്രപന്നാനാമരക്ഷണേ
അസ്വർഗ്ഗ്യം ചായശസ്യം ച ബലവീര്യവിനാശനം

എന്ന് വാല്മീകിരാമായണം (യു. കാ.) നോക്കുക. ജീവൻ...... പ്രസിദ്ധപ്പെടുന്നു എന്റെ ജീവനെ രക്ഷിച്ച നീ നിന്റെ, എന്നോടുള്ള ഇഷ്ടം, ദയ, സാമർത്ഥ്യം എന്നീ ഗുണങ്ങളെ എല്ലാം പ്രസിദ്ധപ്പെടുത്തുക. എന്റെ ജീവത്രാണം ചെയ്യുമ്പോൾ നിന്റെ സൗഖ്യാദിഗുണങ്ങൾ ലോകപ്രസിദ്ധങ്ങളായിത്തീരും. എന്നു ഭാവം. ജീവൻ

ബാലാഗ്രശതഭാഗസ്യ ശതധാ കല്പിതസ്യ ച
ഭാഗോ ജീവസ്സ വിജ്ഞേയഃ...............

എന്ന് ഭാഗവതം. ഒരു ചെറിയ രോമത്തിന്റെ അഗ്രം നൂറായി മുറിക്കുക. വീണ്ടും അതിലെ ഒരു ഭാഗം നൂറാക്കുക. അതിൽ ഒരു അംശം പോലെ സൂക്ഷ്മമായ വസ്തു. ഏവം......തേടീടാർക്ക ഇപ്രകാരമുള്ള ഇഷ്ടം സംഭവിച്ചതുപോലെ, ഉത്തമന്മാർക്കുതി ഞങ്ങൾക്ക പ്രിയജനവുമായി വേർപിരിയുന്നതുകൊണ്ടു ദുഃഖം ഉണ്ടാകാതെയിരിക്കട്ടെ എന്ന് അഭിപ്രായം. ഏവും വേഗാൽ......പൂരം സഖേ! ഏവും വേഗാൽ ഇനിയരികിൽ കണ്ടു സന്തോഷപൂരം കിട്ടണം എന്നു താല്പര്യം. അല്ലയോ സ്നേഹിതാ ഇനി ആശാപാശം കഴിയുന്ന വേഗം അടുത്തു കണ്ടു സന്തോഷിക്കുവാൻ സംഗതിവരട്ടെ. പൂരം മെഴലി. ബാഹുല്യദ്യോതകം. 'എണ്ണും നോക്കുമ്പോളില്ലിന്നിവിടെത്തുടർച്ചെയ്താവർ തൻ പൂരമെന്നാർ'. (നല്ല ഭാഷ) ഇത്യാദി പ്രയോഗങ്ങൾ കാണുക. സ്നേഹിതന്മാരായ നമ്മൾക്കു തമ്മിൽ കണ്ടുപെട്ടം ഇനിയും കണ്ടു സന്തോഷിക്കുവാൻ അവസരം ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നതായി വിചാരിക്കണം. ഇപ്രകാരം ഉത്തമമായ ആശീസ്സോടുകൂടി കാവ്യം അവസാനിക്കുന്നു.

"സന്തോഷപൂരം" എന്ന മംഗളപദത്തെ കാവ്യത്തിന്റെ ഒടുവിൽ നിവേശിപ്പിച്ചിരിക്കുന്നു എന്ന് ഇവിടെ വിശേഷേണ സ്മരിക്കേണ്ടതാകുന്നു. മേഘത്തിലെ 'സന്താപപൂര'ത്തിന്റെ സ്ഥാനത്തു ശുകകവി "പൂരാർദ്രന്താരാതബക്ഷ്മീ" എന്നു പ്രയോഗിച്ചിരിക്കുന്നു. നായകനും നായികയ്ക്കും ശുഭവും ഉത്തമമായ ആശീർവാദം ഇവിടെ ചെയ്തിരിക്കുന്നു എന്ന ഉദ്ദേശ്യം.

അന്തേ കാവ്യസ്യ നിത്യത്വാൽ–
കുർവ്വീതാശിഷമുത്തമാം
സർവ്വത്ര വ്യാപ്തയേ വിദ്വാ–
ന്നായകേച്ഛാനുരൂപിണീം

എന്നു് കർത്തവ്യം. മംഗലാന്തങ്ങളായ കാവ്യങ്ങൾ തല്പ്രണേതാക്കന്മാർക്കും അനുവാചകന്മാർക്കും ശ്രോതാക്കന്മാർക്കും സർവ്വർക്കും ശ്രേയസ്കരം എന്നു സിദ്ധം. കവിലോകസമ്രാട്ടായ കാളിദാസൻ

ഇഷ്ടാൻ ദേശാൻ ജലദ വിചര പ്രാവൃഷാ സംഭൃതശ്രീർ-
മാഭൂദേവം ക്ഷണമപി ച തേ വിദ്യുതാ വിപ്രയോഗഃ

എന്ന മംഗലപ്രാർത്ഥനയോടുകൂടി മേഘസന്ദേശകാവ്യത്തെ അവസാനിപ്പിച്ചിരിക്കുന്നതിനെ പ്രകൃതത്തിൽ ലക്ഷ്മീദാസനും അനുകരിച്ചിരിക്കുന്നു.

മന്ദാരകല്പ്പരിണതയും കവിയുടെ മഹിതം
കാവ്യത്തിനിതേ-
ഒട്ടനായാസ്യംവിധം തിരോധീതിയ നവമാം-
വ്യാഖ്യ വൻ്ടുള്ളതാകട്ടെ
തന്നാലെയാവുന്നവിധമിലയിട്ടു ചെയ്തിവാ-
ക്കില്ല നന്ദ്യയിലുള്ള.
വന്നാലും തൽപ്രബന്ധാദ്ഭുതവിഭൂതിസുഖം
ശേഷമാം ഭാഷയാം മേ.

'ഇത വിശേഷതത്തിനായിതൊഴിലിതു ചെയ്വതു
ചാടിവീണെന്ന ഗർവ്വു-
ന്നായിർഭേദം കഥിക്കാ ബുധരുടെ വചനാം
കേട്ടതിലും ഞാൻ കഴുതാ
ശുദ്ധികൾ വ്യാഖ്യയിലുള്ളും കവിവരരുടെ വാ-
ക്കേവലെയ വ്യാഖ്യയാകം-
പൂവിട്ടിട്ടു ഭക്തവരനായ സുകൃതമെന്നി-
ക്കുന്നതിന്നാശയം.

എന്നാണാക്ക് ശുകസന്ദേശ-
മെന്നാഖ്യ ചന്ദ്രത്തിലും
പാരാളും ശ്രീകാന്തന്യ-
ത്താരാളിവ്യാഖ്യ തീർത്തതാൻ.

ശുദ്ധിപത്രം.

പുറം.	വരി.	അബദ്ധം.	സുബദ്ധം.
൭	൧	സൌന്ദ	സൌന്ദാ
൩	൨	രാവണ്യ	രാവണസ്യ
൰൭	൨൨	അങ്ങയ്ക്കു നൽക ന്നതില്ലേ	അങ്ങയ്ക്കു...നൽക ന്നതില്ലേ
൨൰	൯	ആശ	ആസ്ഥ
൨൯	൰൭	മൂന്നിൽ	മുന്നിൽ
൩൪	൨൰	ഗ്രത്തണം നീ	നീ
,,	,,	മലമകൻ	നീ മലമകൻ
൪൨	൰൫	സമ്പിസ്യ	സമ്പസ്യ
൪൭	൩	സാമി	സ്വാമി
൭൨	൨൭	വ്യോടായ്	വോട്ട
൭൪	൨൦	ചെയ്യോ	ചെയ്യോ
൭൭	൨൪	തന്നേതാൻ	താൻ
൭൯	൨൩	മയന്ന	മെന്ന
൮൪	൰൨	ഖേദ°ന്നി	ഖേദ°ന്നാ
൯൯	൨൯	പ്രേക്ഷിതെ	പ്രേക്ഷിതെ
൰൪൪	൰൯	ബന്ധുസ്നേഹം	ബന്ധു
,,	,,	സ്നേഹം	പ്രണയം
൰൰൭	൫	മൊരന്നന്ന	മെന്നൊന്ന
൰൰൰	൩	നാഥേ	നാഥേ
൰൰൩	൨൨	മൂന്നാം	നാലാം
൰൨൫	൨	ഇവിടെ	ഇവിടെ
൰൨൮	൰൩	ചിന്താ	ചിന്താ

പുറം.	വരി.	അബദ്ധം.	സുബദ്ധം.
൧൩൨	൧൯	നിരയതി	നാശയതി
൧൩൪	൨൯	ത്വമരം	ത്വമരം
൧൪൧	൧	സമാനാ	സമാന
൧൯൩	൯	വൎണ്ണം	വൎണ്ണം
൧൯൭	൨	യത്രീ	യത്രീ
,,	൨൭	ത്തിട്ട	ത്തിട്ട
൧൬൭	൧൧	ച്ചുന്തി	ച്ചുന്നി
൧൮൧	൧൦	തതി	തഛി
൧൬൮	൨൪	കളളിക്കേ	കളളിക്കേ
൨൦൦	൨൧	ബഹാ	ബഹി
൨൦൪	൧൯	മമ	ന്ത്യം മമ
൨൦൩	൨൧	പാപ്‌	പാവ
,,	൨൭	വാക്യത്തിലും	വാക്യത്തിൽ
൨൦൫	൭	ന്ത്യ	ന്ത്യ
൨൧൦	൧൨	ഴിപ്പാത്തം	ഴിപ്പാത്ത
൨൧൩	൧൩	ച്ചുണ്ട	ച്ചുണ്ടും
൨൧൪	൧൪	ശസ്ത്രതി	ശസ്ത്രതി
൨൧൮	൮	സചരം	സചര
൨൨൫	൨൧	മൊടാ	മാടാ
൨൪൧	൭	ഖിഥാസ്ഥത	ഖിഥാ മത
൨൪൨	൯	നിടയിൽ	നിടയെട്ടെ
൨൯൧	൧൪	മതേ	മതേ
,,	൨൩	തത്ര	തത്രാ
൨൯൪	൧൭	വ്ഗ്രപ്പോൾ	ചൊല്ലുന്നതെ
			പ്പോൾ
൨൬൩	൬	കല	മണി
൨൯൮	൨൭	ഷ്ട്രമപ്പിൽ	ഷ്ട്രമവിൽ
൨൩൧	൧൦	ണ്ടരേ	ണ്ടരേ

പുറം.	വരി.	അബദ്ധം.	സുബദ്ധം.
[illegible]	[illegible]	നണി	ന്നണി
,,	[illegible]	പ്രഥമമ	പ്രഥമ
[illegible]	[illegible]	ഔസചരം	ഔസചര
,,	[illegible]	കേട്ട	കേട്ടു
[illegible]	[illegible]	ഒരാക്കെ	തൊാക്കെ
[illegible]	[illegible]	ചൂററാ	ചുററി
[illegible]	[illegible]	സംഗതിം	സംഗീതം
,,	[illegible]	ചിനി	ചിന
[illegible]	[illegible]	ചെയ്യു	ചെയ്യു
,,	[illegible]	വികരം	വികാരം
[illegible]	[illegible]	ദുർഗ്ഘട	ദുർഘട
[illegible]	[illegible]	മനമാ	മനാ
[illegible]	[illegible]	ന്നേററം	ന്നേരങ്ങൾ
[illegible]	[illegible]	തൊാട്ടു	യാട്ടു
[illegible]	[illegible]	(ഇങ്ങോട്ടേക്കു)കൊണ്ടു	കൊണ്ടു
,,	[illegible]	മിരല	മരണേ
[illegible]	[illegible]	സ്വര	സ്വര,
,,	[illegible]	വിട്ടത്തി	വിരത്തി
,,	[illegible]	ഉത്തം	ദ്രുതാ
[illegible]	[illegible]	അവരെയ	അവയിൽ

ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ.

	രൂ.	ണ
[illegible] (മഹാകാവ്യം	2	4
രഘുവീരവിജയം ,,	1	2
അന്യോക്തിമുക്താലത	0	12
ദ്രൗണിപ്രഭാവം	1	2
ചെല്ലൂർനാഥോദയം (പ്രബന്ധം) വ്യാഖ്യാനം	1	2
കേരളീയസംസ്കൃതസാഹിത്യചരിത്രം (ഒന്നാംഭാഗം)	4	8
സാഹിത്യമഞ്ജുഷിക (ഒന്നാംഭാഗം)	2	10
ക്ഷേമേന്ദ്രൻ	1	2
ശ്രീ കാളിദാസൻ	1	2
ജഗദ്ഗുരു ശങ്കരാചാര്യർ		
സാഹിതീസർവസ്വം	3	12
ശുകസന്ദേശം (വ്യാഖ്യാനം)	3	8

താഴെ കാണിക്കുന്ന മേൽവിലാസത്തിൽ അപേക്ഷിക്ക

മാനേജർ,
"കമലാലയാ" പ്രസ്സ്,
പുത്തൻചന്ത,
തിരുവനന്തപുരം.